

# LAITY VOICE

ക്രൈസ്തവ ജനതയുടെ മുഖപത്രം

2017 OCTOBER | Volume: 8 | No: 4









# സഹനദാസന്റെ സാക്ഷ്യം

ജീവിതത്തിന്റെ ഇരുട്ടറകളിൽ ശൂന്യനായപ്പോൾ, വിശ്വാസത്തിന്റെ ആഴങ്ങളിൽ ഈശോയുടെ ഹൃദയത്തോട് ഒട്ടിച്ചേർന്ന് എന്റെ നാഥൻ എന്റെ രക്ഷകൻ എന്നുരുവിട്ട് അനേകായിരങ്ങളുടെ പ്രാർത്ഥനകളിൽ അലിഞ്ഞുചേർന്ന് ക്രൈസ്തവ മിഷനറിയുടെ മകുടോദാഹരണമായ ഫാ.ടോം ഉഴുന്നാലിൽ. 557 ദിനരാത്രങ്ങൾ ഭീകരരുടെ കരങ്ങളിൽ ജീവിതം ഒതുങ്ങിയപ്പോഴും പ്രാർത്ഥനയുടെ ശക്തിയും, മഹത്വവും അത്ഭുതങ്ങളായി മാറിയെന്ന് പ്രഘോഷിക്കുന്ന സഞ്ചരിക്കുന്ന സക്രാരി. തടവറയെ കിരീടമാക്കിയ വൈദികരാജകുമാരൻ. ബന്ദിയാക്കിയവരുടെ മനംമാറ്റംപോലും ലോകമെമ്പാടുമുയർന്ന തീക്ഷ്ണമായ പ്രാർത്ഥനകളുടെയും നേർച്ചകാഴ്ചകളുടെയും അടയാളവും ശക്തിയുമാണെന്ന് വിളിച്ചറിയിക്കുന്ന സാക്ഷ്യം. വത്തിക്കാന്റെ ഇടപെടലും സുൽത്താന്റെ നയതന്ത്രവും കൈകോർത്തപ്പോൾ നാനാജാതി മതസ്ഥരുടെ ഉള്ളുരുകിയ പ്രാർത്ഥന ദൈവസന്നിധിയിൽ നിന്ന് അത്ഭുതങ്ങൾ പ്രവഹിച്ചു. സഭ ആവശ്യപ്പെട്ടാൽ ഇനിയും യമനിലേയ്ക്ക് പോകുമെന്ന അനുസരണയുടെ ഭാഷയും, പൊറുക്കുവാനും മറക്കുവാനുമുള്ള വിശാലമനസ്സും, മോചനത്തെക്കാളുപരി താൻ കൊതിച്ചത് വിശുദ്ധ ബലിയർപ്പണമാണെന്ന സാക്ഷ്യവും ഈ ദൈവപുരുഷന്റെ ജീവിത വിശുദ്ധിയും സമർപ്പണവും ഉയർത്തിക്കാട്ടുന്നു. ഭീകരവാദങ്ങളും അസഹിഷ്ണുതയും സംഘട്ടനങ്ങളും അക്രമങ്ങളും കൊലപാതകങ്ങളും അട്ടഹാസം മുഴക്കുന്ന ഇന്നിന്റെ ലോകത്ത് സമാധാനത്തിന്റെയും, സൗഹാർദ്ദത്തിന്റെയും, സ്നേഹത്തിന്റെയും, മനുഷ്യനന്മകളുടെയും സന്ദേശവാഹകനാകുവാൻ ഇനിയുള്ള നാളുകളിൽ ഈ സഹനദാസനാകട്ടെ.



## എഡിറ്റോറിയൽ

**സ്വതന്ത്രഭാരതം ഏറ്റവും വലിയ വെല്ലുവിളികളിലൂടെ കടന്നുപോകുന്നു. തകർന്ന സമ്പദ്ഘടന, നോട്ടുനിരോധനവും പുത്തൻ നികുതി വ്യവസ്ഥയും ജനങ്ങളെ മുക്കിക്കൊല്ലുന്നു. കാർഷികമേഖല തകർന്നടിഞ്ഞു. രാജ്യത്തുടനീളം കർഷക ആത്മഹത്യകൾ, ഉല്പാദനവളർച്ച പിന്നോട്ടടിച്ചു. വർഗ്ഗീയത വിഷം ചീറ്റുന്നു. തൊഴിലവസരങ്ങൾ കുറഞ്ഞു. ചെറുകിട വ്യവസായങ്ങൾ അടച്ചുപൂട്ടി. മുൻ പ്രധാനമന്ത്രി മൻമോഹൻസിംഗ് നോട്ട് നിരോധനത്തെക്കുറിച്ച് പറഞ്ഞ വാക്കുകൾ അക്ഷരംപ്രതി ശരിയാകുന്നു. സാമ്പത്തികത്തകർച്ച സമസ്തമേഖലകളെയും ഗ്രസിച്ചിരിക്കുമ്പോൾ ജനങ്ങളിൽ സർക്കാർ വിരുദ്ധ വികാരമുണർത്തി മുന്നേറുവാൻ പതിറ്റാണ്ടുകൾ രാജ്യം ഭരിച്ച കോൺഗ്രസിനുമാകുന്നില്ല. ശക്തമായ നേതൃത്വത്തിന്റെ അഭാവം മാത്രമല്ല ദീർഘവീക്ഷണവും ദേശീയതലത്തിൽ പദ്ധതികളും പരിപാടികളുമില്ലാത്ത കോൺഗ്രസിന്റെ പരാജയം നരേന്ദ്രമോദിയുടെ വിജയമാകുന്നു. ഭരണത്തകർച്ചയെയും ജനകീയ പ്രശ്നങ്ങളേയും അതിജീവിക്കുവാൻ വർഗ്ഗീയതയുടെ വിഷംചീറ്റി ഒരു പ്രധാനമന്ത്രിക്ക് എത്രനാൾ തുടരാനാകും? അവസരങ്ങൾ പല തുലഭിച്ചിട്ടും ഉറക്കംവിട്ടുണരാത്ത കേൺഗ്രസിനെ രക്ഷിക്കാൻ ആരുണ്ട്? അഞ്ചരപ്പതിറ്റാണ്ട് രാജ്യം ഭരിച്ചവർ ചരിത്രത്തിന്റെ ഭാഗമാകാതിരിക്കാൻ കോൺഗ്രസിനു വേണ്ടത് അടിയന്തര ശസ്ത്രക്രിയ തന്നെ.**

# കോൺഗ്രസിന് ഇനിയൊരു രക്ഷകൻ എന്നുവരും? വേണ്ടത് അടിയന്തര ശസ്ത്രക്രിയ



**2019**–ലെ ലോകസഭാതെരഞ്ഞെടുപ്പിനുള്ള അണിയറനീക്കങ്ങൾ പ്രമുഖ രാഷ്ട്രീയ നേതൃത്വങ്ങൾ ആരംഭിച്ചിട്ട് മാസങ്ങളായി. അധികാരത്തിലിരിക്കുന്ന ബിജെപി വരുംനാളുകളിലെ പ്രവർത്തനമാർഗ്ഗരേഖയ്ക്ക് രൂപംനൽകി അടിത്തട്ടുവരെ എത്തിച്ച് 2014ലെ തെരഞ്ഞെടുപ്പുവിജയം ആവർത്തിക്കുക മാത്രമല്ല, അധികാരത്തിന്റെ പകിട്ടിൽ ഇരട്ടിവിജയം ലക്ഷ്യംവച്ച് നീങ്ങുന്നു. ഇവിടെയാണ് പൊതുജനം മൂക്കത്തുവിരൽവച്ച് ചോദിക്കുന്നത് നമ്മുടെ കോൺഗ്രസിന് ഇതെന്തുപറ്റി?

**അഞ്ചരപ്പതിറ്റാണ്ടുകൾ അധികാരം കൈപ്പിടിയിൽ അമ്മാനമാടിക്കളിച്ച സ്വാതന്ത്ര്യസമരഉല്പന്നമെന്ന് സ്വയം അവകാശവാദമുന്നയിച്ച് നെഞ്ചുനിവർത്തി രാജ്യം കാൽക്കീഴിലൊതുക്കിയവർ ഇന്നെവിടെ? അഴിമതിയിൽ മുങ്ങിത്താഴുമ്പോഴും കപട ആദർശവാദവുമായി ഊരു ചുറ്റിയവർ അധികാര നഷ്ടത്തിൽ അവസരവാദികളായി മാറിയോ? ഭരണസുഖത്തിൽ നേട്ടങ്ങൾ കൊയ്തവർ ഇന്നിതാ സ്യൂട്ടും കോട്ടുമിട്ട് സ്വന്തം ലാവണങ്ങൾ തേടിപ്പോയിരിക്കുന്നു. ഇന്നലകളിൽ ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന മതേതരത്വത്തിന്റെ മുഖമെന്ന് വാനോളം പുകഴ്ത്തിയവർ ബിജെപി ഉയർത്തുന്ന വർഗ്ഗീയവാദത്തിന്റെ തീച്ചൂളയിൽ വെന്തുവെണ്ണീറായോ?**

ഒന്നുറപ്പായി; അധികാരം നഷ്ടപ്പെട്ടിട്ടും, അണികൾ അടർന്നുപോയിട്ടും, അഴിമതിയിൽ നീന്തിക്കുളിച്ചിട്ടും ഒട്ടേറെ ആക്ഷേപ അവഹേളനങ്ങൾ ഏറ്റുവാങ്ങിയിട്ടും കോൺഗ്രസ് നേതൃത്വത്തിന്റെ അഹങ്കാരത്തിനും ധാർഷ്ട്യത്തിനും കുറവൊന്നുമില്ല. ഭരണപരാജയത്തിന്റെ കുറ്റബോധവുമില്ല. ഇതാണ് പിന്നെയും ജനങ്ങളെ ഒന്നടങ്കം വെറുപ്പിച്ചുകൊണ്ട് തോൽവിയിൽ നിന്ന് വീണ്ടും തോൽവികൾ തെരഞ്ഞെടുപ്പുകളിൽ ഏറ്റുവാങ്ങുന്നത്. **നടുവൊടിഞ്ഞ് നീന്തലറിയാതെ നടുക്കടലിൽ മുങ്ങിത്താഴുമ്പോഴെങ്കിലും കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ച് പിടിവള്ളിയിൽ പിടിച്ച് രക്ഷപെടാൻ ശ്രമിക്കുന്നില്ലെങ്കിൽ കോൺഗ്രസ് ചരിത്രത്തിന്റെ ഭാഗമാകും. അതുണ്ടാവരുതെന്ന് ആഗ്രഹിക്കുന്ന ഒരു ജനവിഭാഗം ഇന്നും ഈ നാട്ടിലുണ്ടന്നുള്ളതാണ് ആകെ ആശ്വാസവും ഏകപ്രതീക്ഷയും.**

രാജ്യം നേരിടുന്ന വൻ സാമ്പത്തികത്തകർച്ചയിൽ സർക്കാരിന്റെ ഭരണവൈകല്യത്തിനെതിരെ ആഞ്ഞടിച്ച് ജനങ്ങളെ ഇളക്കിമറിക്കേണ്ട അടിയന്തരഘട്ടത്തിൽപോലും ഉറക്കംതൂങ്ങുന്നതും കഴിവുകെട്ടതുമായ സംഘടനാ സംവിധാനം കോൺഗ്രസ് എന്ന മഹത്തായ പ്രസ്ഥാനത്തെ നേതൃത്വംതന്നെ കുഴിച്ചുമൂടുന്നതു കാണുമ്പോൾ വേദന തോന്നുന്നു. ആരാണ് തങ്ങളുടെ നേതാവെന്ന് ചോദിച്ചാൽ അന്തരീക്ഷത്തിലേയ്ക്ക് കണ്ണുകളുയർത്തുന്ന അണികളുടെ ഗതികെട്ട അവസ്ഥയെക്കുറിച്ച് നേതൃത്വത്തിലുള്ളവരെന്ന് സ്വയം പ്രഖ്യാപിക്കുന്നവർ പോലും മനസിലാക്കുന്നില്ല. **തകർന്നടിഞ്ഞ സംഘടനാ സംവിധാനത്തിലും അണികളും അർത്ഥവും അധികാരവും നഷ്ടപ്പെട്ടിരിക്കുന്ന അവസ്ഥയിലെങ്കിലും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ഒരു ഉയർത്തെഴുന്നേൽപ്പ് അടുത്ത ദേശീയ തെരഞ്ഞെടുപ്പിനുമുമ്പ് സാധ്യമാകണമെങ്കിൽ വിയർപ്പൊഴുക്കി പണിയെടുക്കണം. തൂവെള്ള ഖദറിലെ ഇസ്തരിവടിവുകൾ ഒടിയണം. അതിനുള്ള കാര്യപ്രാപ്തിയും ആത്മാർത്ഥതയും ഇന്നത്തെ കോൺഗ്രസ് നേതാക്കൾക്കുണ്ടോ?**

തിരിച്ചുവരാനാവാത്തവിധം ഗ്രസിച്ചിരിക്കുന്ന സംഘടനാപ്രതിസന്ധി അതിജീവിക്കാൻ കോൺഗ്രസിനാകണം. **ഇന്നലകളിൽ ഉയർത്തിക്കാട്ടിയ ജനാധിപത്യമതേതരത്വ മുദ്രാവക്യങ്ങളും, അധികാര ആദർശങ്ങളും കൈമോശം വന്നുവോ?. വികസസന അജണ്ടകളും രാഷ്ട്രീയനിലപാടുകളും ഒലിച്ചുപോയോ?** വ്യക്തികേന്ദ്രീകൃത അധികാരങ്ങളുടെ പഴഞ്ചൻ ഉപദേശ ഉപജാപകസംഘങ്ങൾ കാലത്തിന്റെ മാറ്റങ്ങൾ ഉൾക്കൊള്ളാതെ യുവത്വങ്ങളെ കോൺഗ്രസിൽ നിന്നകറ്റിയെന്ന സത്യം തിരിച്ചറിഞ്ഞ് മാറ്റങ്ങൾക്കു തയ്യാറാകണം.

സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ ജവഹർലാൽ നെഹ്റുവിൽ തുടങ്ങി ഗുൽസാരിലാൽ നന്ദ, ലാൽ ബഹദൂർ ശാസ്ത്രി, ഇന്ദിരാഗാന്ധി എന്നിവരിലൂടെ 1977 മാർച്ച് 24 വരെ തുടർച്ചയായി 30 വർഷക്കാലം രാജ്യം ഭരിച്ച കോൺഗ്രസ്. മൊറാർജി ദേശായി, ചരൺസിംഗ് എന്നിവർ നയിച്ച ജനതാപാർട്ടിയുടെ മൂന്ന് വർഷക്കാലത്തെ ഇടവേളയ്ക്കുശേഷം വീണ്ടും 1980 ജനുവരി 14ന് അധികാരത്തിൽ. 1989 ഡിസംബർ 2 വരെ ഇന്ദിരാഗാന്ധിയിലൂടെയും രാജീവ് ഗാന്ധിയിലൂടെയും 9 വർഷങ്ങൾ. 1991 ജൂൺ 21ന് വിപി സിംഗ്, ചന്ദ്രശേഖർ മന്ത്രിസഭകളെ പുറന്തള്ളി നരസിംഹറാവു

വിന്റെ 5 വർഷങ്ങൾ. തീർന്നില്ല, 1996 മെയ് 16ന് എ.ബി.വാജ്പേയിൽ തുടങ്ങി ദേവഗൗഡ, ഗുജ്റാൾ എന്നിവരിലൂടെ വാജ്പേയിൽ അവസാനിച്ച 8 വർഷങ്ങൾക്കുശേഷം 2004 മെയ് 22ന് സോണിയ ഗാന്ധിയെ പിൻസീറ്റിലിരുത്തി മൻമോഹൻസിംഗിന്റെ 10 വർഷം. 2014 മെയ് 26 മുതൽ ഭരണത്തിൽ നിന്ന് പുറത്തായി ഈ നിമിഷം വരെ നരേന്ദ്രമോദിയുടെ ഭരണം.

ഇങ്ങനെ തുടർച്ചയായി അധികാരത്തിലിരുന്ന ദേശീയപ്രസ്ഥാനമാണ് ഇന്ന് ദിശയറിയാതെ നെട്ടോട്ടമോടി കുഴഞ്ഞുവീണിരിക്കുന്നത്. ഒന്നുകൂടി വ്യക്തമാക്കിയാൽ സ്വയംവരുത്തിവെച്ച തകർച്ചയുടെ ഇരുട്ടറയിലാണ് കോൺഗ്രസ്. കഴിഞ്ഞ നാളുകളിൽ കേന്ദ്രഭരണം കോൺഗ്രസിന് നഷ്ടപ്പെട്ടപ്പോൾ വീണ്ടും പ്രതീക്ഷയേകിയത് വിവിധ സംസ്ഥാനങ്ങളുടെ ഭരണം കൈപ്പിടിയിലായിരുന്നുവെന്നതാണ്. സംസ്ഥാന ഭരണത്തിന്റെ തണലിൽ വീണ്ടും കേന്ദ്രത്തിൽ അധികാരത്തിലേറുവാൻ പലപ്പോഴും അവസരമൊരുങ്ങുമായിരുന്നു. എന്നാൽ ഇന്നത്തെ സ്ഥിതി ഏറെ പരിതാപകരം.

**പ്രമുഖമായ ഒരു സംസ്ഥാനത്തും കോൺഗ്രസ് ഇന്ന് അധികാരത്തിലില്ലന്നുമാത്രമല്ല ഒരിക്കലും തിരിച്ചുവരാനാകാത്തവിധം തകർന്നടിഞ്ഞിരിക്കുന്നു. നെഹൃവിൽ നിന്നും ഇന്ദിരാഗാന്ധിയുടെ മകനിലൂടെ, മരുമകളിലൂടെ, ചെറുമകനിലേയ്ക്ക് കോൺഗ്രസ് നേതൃത്വം എത്തിച്ചേർന്നിരിക്കുമ്പോൾ തിരിച്ചുവരവിന്റെ പ്രതീക്ഷകൾ നഷ്ടപ്പെട്ടുവെന്ന് പ്രചരണം നടത്തുന്നത് കോൺഗ്രസുകാർ തന്നെയാണെന്നതാണ് ദുഃഖകരം. രാഹുലിനെ അംഗീകരിക്കാൻ മടിക്കുന്നവർക്കും ഒരു പകരക്കാരനെ ഉയർത്തിക്കാട്ടാനാവുന്നുണ്ടോ? അതു സാധിക്കാത്ത കാലത്തോളം നെഹൃകുടുംബത്തിലെ അനന്തരാവകാശിയെ കർമ്മനിരതനും ശക്തിമാനുമാക്കുന്നതാണുചിതം.**



**ജനകീയ അംഗീകാരമുള്ളതും, ശക്തവുമായ നേതൃത്വത്തിന്റെ അഭാവമുയർത്തുന്ന വെല്ലുവിളി മൂലം നടുക്കടലിലാണ് അഞ്ചരപതിറ്റാണ്ടുകൾ രാജ്യം ഭരിച്ചവർ. വികസന അജണ്ടകളും രാഷ്ട്രീയനിലപാടുകളും ഒലിച്ചുപോയോ? വ്യക്തികേന്ദ്രീകൃത അധികാരങ്ങളുടെ ഇസ്തിരിയിട്ട ഖദറിനുള്ളിലെ പഴഞ്ചൻ ഉപദേശ ഉപജാപകസംഘങ്ങൾ കാലത്തിന്റെ മാറ്റങ്ങൾ ഉൾക്കൊള്ളാതെ യുവത്വങ്ങളെ കോൺഗ്രസിൽ നിന്നകറ്റിയോ? വരുംനാളുകളിൽ പ്രതീക്ഷകളും സ്വപ്നങ്ങളും തകർക്കപ്പെട്ട് ഈ ദേശീയ രാഷ്ട്രീയ പ്രസ്ഥാനം ചരിത്രത്തിന്റെ ഭാഗമാകുമോ?**

ആദർശവും ആത്മവിശ്വാസവും അണികൾക്കു പകർന്നേകി ഇന്ത്യയെ വളർത്തിയെടുത്ത ജനനേതാക്കളെ മാതൃകയാക്കി ധാർമ്മികതയുടെ പാതയിലൂടെ ഈ നാടിനെ നയിക്കുവാൻ ഒരു പുതിയ നേതൃത്വനിര കോൺഗ്രസിൽ അടിയന്തരമായിട്ടുണ്ടാകണം. **യുവത്വം നിറഞ്ഞതും ദീർഘവീക്ഷണവുമുള്ള ഒരു നേതൃത്വത്തിനേ ഇനി ദേശീയതലത്തിൽ കോൺഗ്രസിന് ജീവൻ നൽകാനാവൂ.**

കേരളത്തിലും എക്കാലത്തേയുംകാൾ ദയനീയ പരാജയമാണ് കഴിഞ്ഞ നിയമസഭാതെരഞ്ഞെടുപ്പിൽ കോൺഗ്രസ് ഏറ്റുവാങ്ങിയത്. കേരളത്തിലെ കോൺഗ്രസ് പ്രസ്ഥാനത്തിന് ഒരു ചരിത്രമുണ്ടെങ്കിലത് കെ.കരുണാകരന്റെ നല്ല നാളുകളിലെ സുവർണ്ണ ചരിത്രമാണ്. വളർച്ചയിലും തളർച്ചയിലും നെഞ്ചുനിവർത്തിനിന്ന് കണ്ണിറുക്കി കള്ളച്ചിരിയോടെ മലപോലെ വരുന്ന വമ്പൻ പ്രശ്നങ്ങളെയും നിസാരവൽക്കരിച്ച് നേട്ടങ്ങൾ കൊയ്ത രാഷ്ട്രീയ തന്ത്രശാലിയുടെ കൈകളിൽ വളർന്ന കോൺഗ്രസായിരുന്നു ജനങ്ങളെ സേവിച്ച ജനങ്ങൾ സ്നേഹിച്ച കോൺഗ്രസെന്ന് ശത്രുക്കൾപോലും പറയും.

**അധികാരത്തിന്റെ സോപാനങ്ങളിലേയ്ക്ക് ചവിട്ടിക്കയറാൻ ആദർശത്തെ തൂവെള്ളഖദറിലൂടെ അണിയിച്ചൊരുക്കിയ ആദർശവാദികളും, ബുദ്ധിജീവികളും, എഴുപതുകളിൽ യുവജനങ്ങളിൽ ആവേശംവാരിവിതറി ആഞ്ഞടിച്ച യുവതുർക്കികളും മഹത്തായ പാരമ്പര്യമോതുന്ന ഈ രാഷ്ട്രീയ പ്രസ്ഥാനത്തെ കേരളത്തിലിന്ന് എവിടെയെത്തിച്ചിരിക്കുന്നു?** പ്രസ്ഥാനത്തിന്റ ഉന്നതനേതൃസ്ഥാനങ്ങൾ ഇന്നും അലങ്കരിക്കുന്ന 1970കളിലെ യുവതുർക്കികൾ അന്നത്തെ നേതൃത്വങ്ങൾക്കെതിരെയാഞ്ഞടിച്ചത് കോൺഗ്രസ് വേറെ യൂത്ത്കോൺഗ്രസ് വേറെ എന്നുപറഞ്ഞാണ്. 54-ാം വയസിൽ കെ കരുണാകരൻ ആഭ്യന്തരമന്ത്രിയായപ്പോൾ യുവത്വത്തിന്റെ ആവേശത്തിൽ ഇക്കൂട്ടർ വിളിച്ചുപറഞ്ഞത് വൃദ്ധനേതൃത്വങ്ങൾ ഒഴിഞ്ഞുമാറണമെന്നാണ്. 62-ാം വയസിൽ ആർ ശങ്കറിന് ചിറയിൻകീഴ് സീറ്റ് നിഷേധിച്ചത് പ്രായക്കൂടുതൽ ആരോപിച്ചാണ്. ഇങ്ങനെ 54നെയും 62നെയും വൃദ്ധഗണത്തിൽപ്പെടുത്തി ആക്ഷേപിച്ച് മൂലയ്ക്കിരുത്തുവാൻ ഇറങ്ങിത്തിരിച്ച ഇന്നലകളിലെ യുവത്വങ്ങൾ ഇന്ന് സപ്തതി കഴിഞ്ഞ് നവതിയിലെത്തുമ്പോഴും അധികാരകേന്ദ്രങ്ങളിൽ അള്ളിപ്പിടിച്ചിരിക്കുന്നത് നാം കാണുന്നില്ലേ? ഇത്തരം കപട ആദർശനേതൃത്വങ്ങളാണ് കോൺഗ്രസിന്റെ കുഴിതോണ്ടുന്നതെന്ന് വിളിച്ചുപറയുവാൻ നാവുയരാത്ത ആദർശം അടിയറവുവച്ച കേരളത്തിലെ കോൺഗ്രസ് യുവത്വത്തെയോർത്ത് സഹതാപം തോന്നുന്നു. **ചിലരുടെ റിട്ടയർമെന്റ് ജീവിതത്തിലെ തമാശയായി കോൺഗ്രസ് പ്രസ്ഥാനത്തിന്റ അധികാരസ്ഥാനങ്ങൾ മാറുമ്പോൾ തകർന്നടിയുന്നത് ഈ രാഷ്ട്രീയപ്രസ്ഥാനത്തിന്റെ ഊർജ്ജസ്വലതയും പ്രസരിപ്പുമാണ്. ഇവർക്കെതിരെ വിരൽ ചൂണ്ടുവാൻ ഒരു യുവത്വവും ഉയർത്തെഴുന്നേൽക്കുന്നില്ലന്നുള്ളതാണ് സംസ്ഥാന കോൺഗ്രസിന്റെ ഏറ്റവും വലിയ ദുരവസ്ഥ.**

ഗ്രൂപ്പുനേതാക്കൾക്ക് കുടപിടിക്കുന്ന ഗതികെട്ട അവസ്ഥയിൽ നിന്ന് നട്ടെല്ലുവളയ്ക്കാതെ നെഞ്ചുനിവർത്തിനിൽക്കുവാൻ കഴിയുന്ന യുവനേതൃത്വമുണ്ടായാലേ ഇനി കോൺഗ്രസിനു നിലനിൽപ്പുള്ളൂ. **രാജ്യത്തെയൊന്നാകെ ഇളക്കിമറിച്ച് ലോകത്തിനുമുമ്പിൽ ഇന്ത്യയെ ഉയർത്തിക്കാട്ടിയ ഇന്ദിരാഗാന്ധി**

**ക്കുശേഷം ഇപ്പോൾ നേതൃത്വത്തിൽ തുടരുന്ന ചെറുമകന്റെ ചെവിയിൽ രാജ്യതലസ്ഥാനത്തിരുന്ന് ഉപദേശം നൽകുന്ന ആദർശപര്യായങ്ങൾ അധികാരനാളുകളിൽ ഈ നാടിനും ജനതയ്ക്കും എന്തുനൽകിയെന്ന് ജനം ചിന്തിച്ചുതുടങ്ങിയതിന്റെ ബാക്കിപത്രം കൂടിയാണ് ഓരോ സംസ്ഥാനങ്ങളിലുമേറ്റ കനത്തപരാജയത്തിന്റെ മുഖ്യകാരണം.**

മതേതരത്വത്തിന്റെ സംരക്ഷകർ, വികസനത്തിന്റെ നായകർ, ജനാധിപത്യത്തിന്റെ ശില്പികൾ എന്നിങ്ങനെ മകുടം ചാർത്താൻ ഒട്ടേറെ ഗുണവിശേഷങ്ങൾ ഉണ്ടെങ്കിലും പലതും കോൺഗ്രസിൽ നിന്ന് അകന്നുപോകുന്നത് തലമുറകൾ കണ്ടു. മതേതരത്വം, ജനാധിപത്യം എന്നീ മുദ്രാവാക്യങ്ങളിൽ നിന്ന് ആവേശംപൂണ്ട യുവത്വമായിരുന്നു ഇന്നലെകളിൽ കോൺഗ്രസിന്റെ ശക്തിസ്രോതസ്സ്. നയങ്ങളും നടപടികളും നിലപാടുകളും പാളിപ്പോയപ്പോൾ രൂപംകൊണ്ട ആശയദാരിദ്ര്യവും അടിത്തറ തകർന്ന സംഘടനാസംവിധാനവും അടിയറവുവച്ച പ്രവർത്തനശൈലിയും വ്യക്തികേന്ദ്രീകൃത അധികാരസ്ഥാനങ്ങളും കോൺഗ്രസ് പ്രസ്ഥാനത്തെ പടുകുഴിയിലേയ്ക്ക് തള്ളിയിട്ടു. നെഹ്റുകുടുംബമില്ലെങ്കിൽ കോൺഗ്രസില്ലെന്നുള്ള സ്തുതിപാഠകരുടെ ഏറ്റുപറച്ചിലിൽ ഉടലെടുത്ത നേതൃത്വനിരയിലെ പാപ്പരത്തത്തിലും സംഘടനാബലഹീനതയിലും പ്രതീക്ഷ നഷ്ടപ്പെട്ടവർ ഇതര രാഷ്ട്രീയ പ്രസ്ഥാനങ്ങളിലേയ്ക്കും ബദൽ സംവിധാനങ്ങളിലേയ്ക്കും ഒഴുകിപ്പോയി. **ജനാധിപത്യരാഷ്ട്രീയത്തിൽ ജയവും തോൽവിയും സ്വാഭാവികമാണ്. എന്നാൽ തോൽവികൾ ഓരോന്നായി ഏറ്റുവാങ്ങുമ്പോഴും മാറ്റങ്ങൾക്കു തയ്യാറാകാതെ പരസ്പരം പഴിചാരി രക്ഷപെടുവാൻ ശ്രമിക്കുന്നതാണ് കോൺഗ്രസിന്റെ ശക്തിക്ഷയിപ്പിക്കുന്നത്.**

ന്യൂനപക്ഷങ്ങളെ മോഹവലയത്തിലാക്കി കൂട്ടിനുള്ളിലടച്ച് നേട്ടംകൊയ്തവരുടെ ഉള്ളുകളികൾ ന്യൂനപക്ഷം തിരിച്ചറിഞ്ഞപ്പോൾ, പലസംസ്ഥാനങ്ങളിലും നടന്ന തെരഞ്ഞെടുപ്പുകളിൽ തകർച്ചയുടെ രൂപത്തിലത് പ്രതിഫലിച്ചു. കേരളത്തിലെ കാര്യം തന്നെ ഉദാഹരണമായിട്ടെടുക്കാം. മുസ്ലീംലീഗിന്റെ പിന്തുണയൊഴിച്ച് മുസ്ലീം സമുദായംഗങ്ങൾ ഇടതുപക്ഷത്തേയ്ക്ക് ചേക്കേറുന്നത് ഇനിയെങ്കിലും കോൺഗ്രസ് നേതൃത്വം മനസിലാക്കാതെ പോകരുത്. ഹൈന്ദവ വർഗ്ഗീയതയെ അതിജീവിക്കുവാൻ ഇടതുപക്ഷങ്ങളാണ് ആശ്രയമെന്നുള്ള പ്രചരണം മുസ്ലീം വിഭാഗങ്ങളെ സ്വാധീനിച്ചിരിക്കുന്നു. ഈ ചിന്താഗതി ക്രൈസ്തവരുടെ ഇടയിലും കടന്നുവന്നിട്ടുണ്ട്. കമ്മ്യൂണിസ്റ്റ് നിരീശ്വരവാദമുയർത്തി വിശ്വാസിസമൂഹത്തിന് മതിലുകെട്ടാൻ ഇനിയുള്ള നാളുകളിലാകുമോയെന്ന ആശങ്കയും പല കേന്ദ്രങ്ങളിലും ഉയർന്നുവരുന്നു. കഴിഞ്ഞനാളുകളിൽ സ്ഥിരനിക്ഷേപം പോലെ ക്രൈസ്തവരെ ഉള്ളംകൈയിലൊതുക്കിയവർ എന്തുനേടിത്തന്നുവെന്ന ചോദ്യം ഇന്ന് ഏറെ പ്രസക്തമാണ്. ചില പ്രാദേശിക നേതാക്കളുടെ അധികാരമോഹങ്ങൾക്ക് കുടപിടിച്ച് ശക്തരായ ഘടകകക്ഷികളെ അകറ്റിനിർത്തുന്ന ബുദ്ധിശൂന്യത കേരളത്തിലെ കോൺഗ്രസ് നേതൃത്വം തിരിച്ചറിഞ്ഞാൽ നന്ന്.

കർഷകരെ മറന്ന് അന്തർദ്ദേശീയ കരാറുകളിലൂടെ ഈ നാടിനെ വിദേശശക്തികൾക്ക് തീറെഴുതിയവർ, അനിയന്ത്രിതമായ റബർ ഇറക്കുമതിക്ക് കുടപിടിച്ച് കർഷകന്റെ നടുവൊടിച്ചവർ, ഗാഡ്ഗിൽ, കസ്തൂരിരംഗൻ സമിതികളിലൂടെ പശ്ചിമഘട്ട ജനതയെ ദുരിതത്തിലേയ്ക്ക് തള്ളിയിട്ടവർ, കടലിനെ കലാപഭൂമിയാക്കിയ മീനാകുമാരി കമ്മീഷനെ നിയമിച്ചവർ, ജനകീയാധികാരത്തിന്റെ മറവിൽ അഴിമതിയിലൂടെ രാജ്യത്തെ കൊള്ളയടിച്ചവർ, ഭൂനികുതി, വീട്ടുനികുതി, വൈദ്യുതി ചാർജ്, ബസ്ചാർജ്, നിത്യോപയോഗ സാധനങ്ങളുടെ വില ഉൾപ്പെടെ പതിന്മടങ്ങായി വർദ്ധിപ്പിച്ചവർ. കേന്ദ്രം ഭരിച്ച കഴിഞ്ഞ യുപിഎ സർക്കാരിൽ കേരളത്തിൽ നിന്ന് 8 മന്ത്രിമാരുണ്ടായിരുന്നിട്ടും ജനകീയപ്രശ്നങ്ങളിൽ നിന്നു മുഖംതിരിഞ്ഞുനിന്നവരെ ജനം തള്ളിക്കളഞ്ഞതിലത്ഭുതമില്ല.

കോൺഗ്രസിന്റെ ശത്രു ബിജെപിയോ മാർക്സിസ്റ്റ് പാർട്ടിയോ ഇതര ഇടതുവലതുപക്ഷ പാർട്ടികളുമല്ല. എക്കാലവും കോൺഗ്രസ് തന്നെയാണ്. പാർട്ടിക്കുള്ളിൽ പാർട്ടിയേക്കാൾ ശക്തമായി രൂപപ്പെട്ടിട്ടുള്ള അധികാരകേന്ദ്രങ്ങൾ. അധികാരത്തിലേറുവാനും അധികാരത്തിൽ തുടരുവാനും പ്രസ്ഥാനത്തെ വിലപറഞ്ഞ് വിൽക്കുന്നവർ, ഇവർക്കായി അടിമപ്പണി ചെയ്യുന്നവർ,നിരന്തരമുള്ള വിഴുപ്പലക്കലുകൾ, പുരപ്പുറത്തുകയറിനിന്നുള്ള ആദർശവാദങ്ങൾ, അച്ചടക്കമില്ലായ്മ. ജനാധിപത്യമായാൽ ഇങ്ങനെയൊക്കെയാകാമെന്ന് ഒരു പക്ഷേ വീമ്പുപറഞ്ഞ് രക്ഷപെടാം. **പക്ഷേ തകർച്ചയുടെ പടുകുഴിയിൽ കിടന്ന് കൈകാലിട്ടടിക്കുമ്പോൾ, ഒരുനിമിഷമെങ്കിലും നിവർന്നുനിൽക്കുവാനുള്ള ശ്രമമെങ്കിലും വേണ്ടേ? അതിനുവേണ്ടത് അടിയന്തര ശസ്ത്രക്രിയയാണ്.**

പാർട്ടിസംവിധാനങ്ങൾ ചിട്ടപ്പെടുത്തി സംഘടനയെ ശക്തിപ്പെടുത്തേണ്ടവർ പരസ്പരം പോരടിച്ച് പാർട്ടിപ്രവർത്തകരെയും പൊതുസമൂഹത്തെയും വെറുപ്പിക്കുമ്പോൾ ഒരുപ്രസ്ഥാനവും വളരില്ല. വ്യക്തിഹത്യകളും ഗ്രൂപ്പുകളികളുമായി കോൺഗ്രസിനുള്ളിൽ തന്നെ പ്രതിപക്ഷം രൂപപ്പെടുമ്പോൾ പാർട്ടിയംഗങ്ങളും അഭ്യുദയകാംക്ഷികളും ഓടിയൊളിക്കുന്നതും നിസംഗതയോടെ നിർജ്ജീവമാകുന്നതും നേതൃത്വത്തിന് എത്രനാൾ കണ്ടില്ലന്ന് നടിക്കാനാവും?

**കോൺഗ്രസ് വിമുക്തഭാരതമല്ല കോൺഗ്രസ് ശക്തഭാരതമാണ് വേണ്ടതെന്ന് അണികളെയും പൊതുസമൂഹത്തെയും പറഞ്ഞുപഠിപ്പിക്കുവാൻ പ്രാപ്തിയുള്ളവർ കോൺഗ്രസിലുണ്ടാവണം. തച്ചുടയ്ക്കപ്പെട്ട സർവ്വസമഭാവനയുടെ സാംസ്കാരികധാരയെ മടക്കിക്കൊണ്ടുവരേണ്ട ഉത്തരവാദിത്വത്തിൽ നിന്ന് കോൺഗ്രസിന് മാറിനിൽക്കാനാവില്ല.** അതിനുവേണ്ടത് ശക്തനായ ഒരു നേതാവിനെ ഇനിയുള്ള നാളുകളിൽ ദേശീയതലത്തിൽ ഉയർത്തിക്കാട്ടണം. ഒന്നുറപ്പാണ് നേഹ്റു കുടുംബത്തിന്റെ നേതൃത്വമോ പിൻബലമോ ഇല്ലാതെ ഭാരതത്തിൽ ഒരു കോൺഗ്രസില്ല. ഇന്നിപ്പോൾ രാഹുൽ ഗാന്ധിയാണെങ്കിൽ പൊതുസമൂഹത്തിൽ അദ്ദേഹത്തിന്റെ പ്രതിഛായ ഉയർത്താൻ ഓരോ കോൺഗ്രസുകാരനുമാകണം. ഇന്ത്യയിൽ നിലവിലുള്ള ഭരണനേതൃത്വത്തിനും സംവിധാനത്തിനും ബദൽസംവിധാനം ഒരുക്കുവാൻ കോൺഗ്രസിന് സാധിക്കണം. **മതേതര ഇന്ത്യയുടെ ആത്മാവിനെ തൊട്ടറിഞ്ഞ് സഹിഷ്ണുതയും സമഭാവനയും ഭാരതമണ്ണിൽ പുലരുവാൻ, വർഗ്ഗീയതയ്ക്കെതിരെ പോരാടുവാൻ ദേശീയതലത്തിൽ ഒരു ഉയർത്തെഴുന്നേൽപ്പ് ഈ കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് അണികളെ ബോധ്യപ്പെടുത്തി സജ്ജരാക്കണം. ഇതിനാകുന്നില്ലെങ്കിൽ ചോരയും നീരും മാത്രമല്ല ജീവനൊന്നാകെ നൽകി വളർച്ചയുടെ വഴികളിൽ സ്വയം ശൂന്യരായിത്തീർന്ന ഒട്ടനേകം പാർട്ടിസ്നേഹികളുടെ ആത്മാക്കൾ ഇന്നിന്റെ നേതൃത്വങ്ങൾക്ക് മാപ്പ് നൽകില്ല.**

**ഷെവലിയാർ അഡ്വ.വി.സി.സെബാസ്റ്റ്യൻ**
**ചീഫ് എഡിറ്റർ**



നാലാം മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ ചർച്ചകളെയും നിഗമനങ്ങളെയും അടിസ്ഥാനമാക്കി സീറോ മലബാർ സിനഡ് അംഗീകരിച്ച ശുപാർശകളുടെയും നിർദ്ദേശങ്ങളുടെയും വെളിച്ചത്തിൽ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പുറപ്പെടുവിക്കുന്ന പ്രബോധനരേഖ.

# ഒന്നായി മുന്നോട്ട്

## അജപാലന പ്രബോധനം

കഴിഞ്ഞ ലക്കം തുടർച്ച...

കഴിഞ്ഞ മൂന്ന് മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലികളിൽ വന്ന ഏകകണ്ഠമായ അഭിപ്രായമാണ് നമ്മുടെ സഭയിൽ പൂർണ്ണമായ ഐക്യം എല്ലാ തലങ്ങളിലും വിശിഷ്യാ, ആരാധനക്രമത്തിൽ ഉണ്ടാകണമെന്നത്. ഇക്കഴിഞ്ഞ അസംബ്ലിയുടെ നിർദ്ദേശം ഇപ്രകാരമാണ്: *ലിറ്റർജിയിൽ ഐക്യവും അതിന്റെ സാരാംശങ്ങളിൽ ഐകരൂപ്യവും നിലനിർത്താൻ അസംബ്ലി സീറോ മലബാർ സഭ മുഴുവനോടും അഭ്യർത്ഥിക്കുന്നു.* സഭയിലാകമാനം ഈ നിർദേശം നടപ്പിലാക്കാനുള്ള ആഗ്രഹവും ശക്തമാണ്. അനുകൂലമായ ഈ അന്തരീക്ഷം വേണ്ടവിധം പ്രയോജനപ്പെടുത്തിക്കൊണ്ട് സഭയെ പൂർണ്ണമായ ഐക്യത്തിലെത്തിക്കാൻ നമുക്ക് പരിശ്രമിക്കാം. ഇനി നമുക്ക് ഐക്യത്തിന്റെ ഭാഷ മാത്രം സംസാരിക്കാം. വേറിട്ട് ചിന്തിച്ച് വേറിട്ട് നിൽക്കാനുള്ള പ്രേരണകളെ നമുക്ക് ഉപേക്ഷിക്കാം. അഭിപ്രായവ്യത്യാസങ്ങളെ സമന്വയിപ്പിച്ച് സഭാമക്കളെല്ലാവരും ഒന്നിച്ച് മുന്നേറുന്ന ശൈലി നമുക്ക് അഭ്യസിക്കാം. ഐക്യം ദൈവത്തിന്റെ ദാനമാണ്. പ്രാർത്ഥനാപൂർവ്വം അത് സ്വീകരിക്കുവാനും പ്രാവർത്തികമാക്കുവാനും നമുക്ക് പ്രതിജ്ഞാബദ്ധരാകാം.

കൂട്ടായ്മയുടെ കർമ്മങ്ങളായ വിദ്യാഭ്യാസം, രോഗിശുശ്രൂഷ, സാമൂഹ്യസേവനം, കലാസാംസ്കാരിക സപര്യ, മാധ്യമധർമ്മം, കാരുണ്യപ്രവർത്തനം എന്നിവയെയും ക്രൈസ്തവ സാക്ഷ്യത്തിന്റെ അവശ്യഭാഗമായി കാണേണ്ടിയിരിക്കുന്നു. ഇത്തരം സാമൂഹിക പ്രവർത്തനങ്ങളിലെല്ലാം സത്യനിഷ്ഠ, നീതിബോധം, സുതാര്യത എന്നീ മൂല്യങ്ങൾ മുറുകെ പിടിച്ചാൽ അതുതന്നെയാണ് നമുക്ക് പൊതുസമൂഹത്തിന് കൊടുക്കാവുന്ന ഏറ്റവും വലിയ സംഭാവന. ഇത്തരം ബാഹ്യപ്രവൃത്തികളിലാണ് നമ്മുടെ വിശ്വാസത്തിന്റെ ആന്തരികമായ ആധികാരികത ബാഹ്യമായി പ്രകാശിതമാകേണ്ടത്. ശരിയായ മാധ്യമധർമ്മം നിർവഹിക്കുവാൻ പരിശ്രമിക്കുന്ന ദിനപത്രങ്ങളെയും മറ്റ് മാധ്യമങ്ങളെയും സഭാമക്കൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

കൃഷിയിലും പരമ്പരാഗത വ്യവസായങ്ങളിലുമുള്ള നമ്മുടെ ജനത്തിന്റെ ഈടുപാട് നിലനിർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുവാൻ വൈദികരും അല്മായരുമായ സമൂഹനിയന്താക്കൾ ശ്രദ്ധിക്കണം. ഓരോ കുടുംബവും ജൈവകൃഷിയെ ഒരു കർമ്മപരിപാടിയായി സ്വീകരിക്കണം.

പാവപ്പെട്ടവരോടും ക്ലേശിതരോടും ഭിന്നശേഷിയുള്ളവരോടും പീഡനങ്ങൾക്ക് വിധേയരാകുന്നവരോടും നമ്മൾ ഐക്യദാർഢ്യം ഉള്ളവരായിരിക്കണം. അനുദിന ക്രൈസ്തവ ജീവിതശൈലിയിൽ ഇവരെയെല്ലാം ഉൾക്കൊള്ളുവാൻ നമുക്ക് കഴിയണം. സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും പ്രവർത്തനങ്ങൾ നമ്മുടെ സാധാരണ ജീവിതശൈലി ആകണം. അത്തരം പ്രവർത്തനങ്ങൾ വല്ലപ്പോഴും ചെയ്യേണ്ട നന്മകൾ പോലെയല്ല, ക്രൈസ്തവ സാക്ഷ്യത്തിന്റെതന്നെ ഉത്തരവാദിത്വംപോലെ നാം നിർവഹിക്കണം.

പൊതുസമൂഹത്തിൽ എല്ലാ മതങ്ങളോടും സംസ്കാരങ്ങളോടും ഇഴുകിച്ചേർന്ന് മാനവികതയുടെ മൂല്യങ്ങൾ മുറുകെപ്പിടിച്ച് മുന്നേറേണ്ടവരാണ് ക്രൈസ്തവർ. ഭാരതത്തിലെ മതസാംസ്കാരിക മൂല്യങ്ങൾ സ്വാംശീകരിച്ച് ഒന്നുചേർന്ന് പ്രവർത്തിക്കുന്ന ശൈലി ഇതിനകം തന്നെ നാം സമാർജ്ജിച്ചിട്ടുണ്ട്. അതുതന്നെ നാം തുടരണം. എല്ലാ മതങ്ങളിലും സംസ്കാരങ്ങളിലുമുള്ള മൂല്യങ്ങളോട് ക്രിസ്തീയ മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ പ്രതികരിക്കുവാനും അതിനനുസരിച്ചുള്ള പ്രതിപ്രവർത്തനങ്ങളിലൂടെ ദൈവികമായ ഒരു മാനവികത കെട്ടിപ്പടുക്കുവാനും നാം പരിശ്രമിക്കേണ്ടിയിരിക്കുന്നു. പൗരാണികമായ നമ്മുടെ വിശ്വാസപാരമ്പര്യത്തിന്റെ സാർവലൗകികമാനം അപ്രകാരം പൂർണ്ണമാക്കാൻ നമുക്ക് സാധിക്കട്ടെ.

### ഉപസംഹാരം

പ്രിയ സഹോദരീ സഹോദരന്മാരേ,

കാലികമായ മൂന്ന് വിഷയങ്ങളെ ആധാരമാക്കി നമ്മുടെ സഭയുടെ നാലാം മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയിൽ നടന്ന ചർച്ചകളുടെയും മുന്നോട്ടുവച്ച നിർദ്ദേശങ്ങളുടെയും വെളിച്ചത്തിൽ സഭയിലാകമാനം ഉണ്ടാകേണ്ട കാഴ്ചപ്പാടുകളെയും കർമ്മപദ്ധതികളെയും സമൃക്കായി അവതരിപ്പിക്കുവാനുള്ള പരിശ്രമത്തിന്റെ ഫലമാണ് ഈ പ്രബോധനരേഖ. എല്ലാം ഇതിൽ പൂർണ്ണമായി ഉൾക്കൊണ്ടിട്ടുണ്ട് എന്ന് പറയാൻ വയ്യ. എങ്കിലും എല്ലാ രൂപതകളിലും ഈ രേഖയിലെ പ്രധാനചിന്തകൾ ചർച്ചചെയ്യുകയും അവസാനം ചേർത്തിട്ടുള്ള കർമ്മപരിപാടികൾ നടപ്പിലാക്കുകയും ചെയ്യണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

ശരിയായ സഭാവീക്ഷണത്തിൽ സ്വർഗ്ഗീയസഭയും ഭൗമികസഭയും സദാ പരസ്പരാശ്ലേഷണത്തിലായിരിക്കണം. പ്രാർത്ഥന, തിരുവചനം, വിശുദ്ധ കൂദാശകളുടെ സ്വീകരണം, എല്ലാറ്റിനുമുപരി വിശുദ്ധകുർബാനയുടെ അർപ്പണം, എല്ലാം പങ്കുവയ്ക്കുന്ന ജീവിതശൈലി എന്നിവയാണ് ഭൂമിയിലെ ദൈവജനമായ നമ്മെ സ്വർഗ്ഗീയ കൂട്ടായ്മയിലേയ്ക്ക് നിരന്തരം നയിച്ചുകൊണ്ടിരിക്കുന്നത്. ആദിമക്രൈസ്തവർ വിശുദ്ധരെന്ന് വിളിക്കപ്പെടാൻ കാരണമിതാണ്. ഈ ഭൂമിയിൽ വിശുദ്ധിയിൽ വ്യാപരിച്ചുകൊണ്ട് സ്വർഗ്ഗത്തിലെ വിശുദ്ധരുടെ കൂട്ടായ്മയോട് നമുക്ക് സദാ ഐക്യപ്പെടുവാൻ പരിശ്രമിക്കാം. പരിശുദ്ധ കന്യകാമറിയത്തിന്റെയും വിശുദ്ധ തോമ്മാശ്ലീഹായുടെയും എല്ലാ വിശുദ്ധരുടെയും വിശിഷ്യാ, നമ്മുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാദ്ധ്യസ്ഥ്യം നമുക്ക് തുണയായിരിക്കട്ടെ.

**കർദിനാൾ മാർ ജോർജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്

(അവസാനിച്ചു



*കേരള ഫാർമേഴ്സ് ഫെഡറേഷന്റെ (കെയ്ഫ്) ആഭിമുഖ്യത്തിൽ കാഞ്ഞിരപ്പള്ളി അമൽജ്യോതി എഞ്ചിനീയറിംഗ് കോളജ് ഓഡിറ്റോറിയത്തിൽ നടന്ന സംസ്ഥാന കർഷക നേതൃസമ്മേളനം ഫാർമേഴ്സ് കോൺക്ലേവ്-2017 ബിഷപ് മാർ മാത്യു അറയ്ക്കൽ ഉദ്ഘാടനം ചെയ്യുന്നു. കേരള ഫാർമേഴ്സ് ഫെഡറേഷൻ വൈസ് ചെയർമാൻ വി.വി.അഗസ്റ്റിൻ, ഇൻഫാം ദേശീയ സെക്രട്ടറി ജനറൽ ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യൻ, ഹൈറേഞ്ച് സംരക്ഷണ സമിതി രക്ഷാധികാരി ആർ.മണിക്കുട്ടൻ, കേരള ഫാർമേഴ്സ് ഫെഡറേഷൻ സംസ്ഥാന ചെയർമാൻ ജോർജ് ജെ.മാത്യു, ജനറൽ സെക്രട്ടറി ജോഷി ജോസഫ് മണ്ണിപ്പറമ്പിൽ, കട്ടപ്പന ഇമാം മൗലവി മുഹമ്മദ് റഫീഖ് അൽ കൗസരി, കെയ്ഫ് സെക്രട്ടറി ജനറൽ ജോണി മാത്യു പൊട്ടംകുളം, ഹൈറേഞ്ച് സംരക്ഷണ സമിതി രക്ഷാധികാരി സി.കെ.മോഹനൻ, ഇൻഫാം കോട്ടയം ജില്ലാ പ്രസിഡന്റ് മാത്യു മാമ്പറമ്പിൽ എന്നിവർ സമീപം.*

# കാർഷികമേഖലയുടെ നിലനിൽപിനായി കർഷകർ സംഘടിച്ചു മുന്നേറണം

## മാർ മാത്യു അറയ്ക്കൽ

കാഞ്ഞിരപ്പള്ളി: വൻ പ്രതിസന്ധിയിലായിരിക്കുന്ന കാർഷികമേഖലയുടെ നിലനിൽപിനും സംരക്ഷണത്തിനും കർഷകർ ഒറ്റക്കെട്ടായി സംഘടിച്ചു നീങ്ങണമെന്ന് കാഞ്ഞിരപ്പള്ളി രൂപതാ ബിഷപ് മാർ മാത്യു അറയ്ക്കൽ ആഹ്വാനം ചെയ്തു.

കേരള ഫാർമേഴ്സ് ഫെഡറേഷൻ(കെയ്ഫ്)ന്റെ സംസ്ഥാന കർഷക നേതൃസമ്മേളനം കാഞ്ഞിരപ്പള്ളി അമൽജ്യോതി എഞ്ചിനീയറിംഗ് കോളജ് ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മാർ അറയ്ക്കൽ.

സംഘടിതശക്തികളുടെ ഹിതത്തിനനുസരിച്ചാണ് ഇന്ന് അധികാരകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. അസംഘടിതരായി വിഘടിച്ചുനിൽക്കുന്നതാണ് കർഷകരുടെ പരാജയം. കാർഷികപ്രശ്നങ്ങളെ സർക്കാരുകൾ നിസ്സാരവൽക്കരിച്ചു കാണുന്നത് ഉത്തരവാദിത്വങ്ങളിൽ നിന്നുള്ള ഒളിച്ചോട്ടമാണ്. ഇതിനു മാറ്റമുണ്ടാകണമെങ്കിൽ കർഷകർക്ക് രാഷ്ട്രീയ നിലപാടുകളുണ്ടാകണം. ആഗോളവൽക്കരണത്തിന്റെ ആഘാതങ്ങൾ ഇന്ത്യയിലെ കാർഷികമേഖലയിൽ വൻ വെല്ലുവിളികളുയർത്തുന്നു. ഉല്പാദന, വിപണന, സംഭരണ മേഖലകളിൽ മാറ്റങ്ങൾ വരുത്തുകയും കർഷകന് ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നുമില്ലെങ്കിൽ ഇന്ത്യൻ കാർഷിക മേഖല വരും നാളുകളിൽ കൂടുതൽ പ്രതിസന്ധിയിലാകുമെന്നും മാർ അറയ്ക്കൽ ഓർമ്മിപ്പിച്ചു.

കേരള ഫാർമേഴ്സ് ഫെഡറേഷൻ സംസ്ഥാന ചെയർമാൻ ജോർജ് ജെ.മാത്യു പൊട്ടംകുളം എക്സ് എംപി അധ്യക്ഷത വഹിച്ചു. ഇൻഫാം ദേശീയ സെക്രട്ടറി ജനറൽ ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യൻ മുഖ്യപ്രഭാഷണം നടത്തി. കട്ടപ്പന ഇമാം മൗലവി മുഹമ്മദ് റഫീഖ് അൽ കൗസരി, ഹൈറേഞ്ച് സംരക്ഷണ സമിതി രക്ഷാധികാരികളായ ആർ.മണിക്കുട്ടൻ, സി.കെ.മോഹനൻ, കേരള ഫാർമേഴ്സ് ഫെഡറേഷൻ വൈസ് ചെയർമാൻ വി.വി.അഗസ്റ്റിൻ, ഇൻഫാം കോട്ടയം ജില്ലാ പ്രസിഡന്റ് മാത്യു മാമ്പറമ്പിൽ, കെഐഎഫ്എഫ് സെക്രട്ടറി ജനറൽ ജോണി മാത്യു, ജോഷി മണ്ണിപ്പറമ്പിൽ, ജോസഫ് മൈക്കിൾ കള്ളിവയലിൽ, ടോണി കുരുവിള ആനത്താനം, ജേക്കബ് സെബാസ്റ്റ്യൻ വെള്ളുക്കുന്നേൽ, അനീഷ് കെ.എബ്രാഹം എന്നിവർ സംസാരിച്ചു.

കേരളത്തിലെ 14 ജില്ലകളിലും ഒക്ടോബർ, നവംബർ മാസങ്ങളിൽ കേരള കർഷക ഫെഡറേഷൻ വിവിധ കർഷക പ്രസ്ഥാനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് കർഷക നേതൃസമ്മേളനങ്ങൾ വിളിച്ചുചേർക്കും. ഡിസംബർ 1നും 2നും കോഴിക്കോട്ടും 15നും 16നും കോട്ടയത്തും ദ്വിദിന നേതൃക്യാമ്പും സമഗ്ര കാർഷിക രേഖാരൂപീകരണവും സംഘടിപ്പിക്കും. ജനുവരി മൂന്നാംവാരം കോട്ടയത്ത് സമ്പൂർണ്ണ കർഷക സംസ്ഥാന സമ്മേളനം ചേരും.

# മതനിന്ദ:പാക്കിസ്ഥാനിൽ ക്രൈസ്തവ വിശ്വാസിക്ക് വധശിക്ഷ

ലാഹോർ: ഇസ്ലാമിനെ അപകീർ ത്തിപ്പെടുത്തുന്ന കവിത സുഹൃത്തിന് അയച്ചെന്ന് ആരോപിച്ച് പാക്കിസ്ഥാനിൽ അറസ്റ്റിലായ ക്രൈസ്തവ വിശ്വാസിക്ക് കോടതി വധശിക്ഷ വിധിച്ചു. പ ഞ്ചാബ് പ്രൊവി ൻസിലെ സാറാ എ ആളാംഗിർ സ്വദേശിയായ നദീം ജെയിസ് മസീഹ് എന്ന ക്രൈസ്തവ വിശ്വാസിക്കാണ് കോടതി വധശിക്ഷ വിധിച്ചത്.

ജൂലൈയിൽ യാസിർ ബഷീർ എന്ന മുസ്ലീം സുഹൃത്തിന് നദീം ജെയിസ് മസീഹ് ഇസ്ലാമിനെ അപകീർത്തിപ്പെടുത്തുന്ന വാട്സ് ആപ് സന്ദേശം അയച്ചതായാണ് പറയപ്പെടുന്നത്. എന്നാൽ ഇതിനെ ഖണ്ഡിച്ചുകൊണ്ട് തന്റെ കക്ഷി നിരപരാധിയാണെന്നും മനപ്പൂർവം കേസിൽ കുടുക്കിയതാണെന്നും വിധിക്കെതിരെ മേൽക്കോടതിയിൽ അപ്പീൽ നൽകുമെന്നും മസീഹിന്റെ വക്കീൽ അൻജും പറഞ്ഞു. ഒരു മുസ്ലീം മതവിശ്വാസിയുടെ മൊഴിയുടെ മാത്രം അടിസ്ഥാനത്തിൽ ആർക്കുനേരെ വേണമെങ്കിലും ചുമത്തപ്പെടുവാൻ സാധിക്കുന്ന കുറ്റമാണ് പാക്കിസ്ഥാനിലെ വിവാദമായ മതനിന്ദാ കുറ്റം.

# ബധിര സഹോദരങ്ങളെ ആദരിച്ച് സീറോ മലബാർ സഭ








കൊച്ചി: സീറോ മലബാർ സഭയുടെ പ്രോലൈഫ് അപ്പോസ്തോലേറ്റിന്റെയും എറണാകുളത്തെ സെന്റ് തോമസ് കത്തോലിക്കാ ബധിര സമൂഹത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ കേരളത്തിലെ വിവിധ രൂപതകളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ള ഇരുനൂറ്റിയമ്പതോളം പേർ പങ്കെടുത്ത ബധിരരുടെ സംഗമം ശ്രദ്ധേയമായി. കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന സംഗമത്തിൽ ഹൈസ്കൂൾ, ഹയർസെക്കണ്ടറി വിദ്യാർത്ഥികൾ, യുവതീയുവാക്കൾ, ബധിര ദമ്പതികൾ തുടങ്ങി വ്യത്യസ്ഥ മേഖലകളിൽ നിന്നുള്ളവരാണ് പങ്കെടുത്തത്. ഏഴുവയസ്സുമുതൽ 82 വയസ്സുവരെയുള്ളവർ സഭയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട പ്രഥമ സംഗമത്തിന് എത്തിച്ചേർന്നുവെന്നതും ശ്രദ്ധേയമായി.

മേജർ ആർച്ച്ബിഷപ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിയേയും കൂരിയയുടെ നിയുക്ത മെത്രാൻ മോൺ. സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കലിനെയും മറ്റു നേതാക്കളേയും കൈകൾ അടിക്കുന്നതിനു പകരം കൈകൾ ഉയർത്തി ഇരുവശങ്ങളിലേയ്ക്കും വീശിയാണ് ബധിരസഹോദരങ്ങൾ സ്വീകരിച്ചത്. കൈകൾ ഉയർത്തിയാണ് സഭാദ്ധ്യക്ഷന്മാർ അഭിവാദ്യം നൽകിയത്. തുടർന്ന് കർദിനാൾ ആലഞ്ചേരിയുടെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയർപ്പിച്ചു.

ദിവ്യബലിയിലെ പ്രാർത്ഥനകൾ ഫാ. ബിജു മൂലക്കരയും വചനസന്ദേശം ഫാ. ജോർജ് കളരിമുറിയിലും ആംഗ്യഭാഷയിൽ പരിചയപ്പെടുത്തി നൽകി. ഗാനങ്ങൾ ബിജു തേർമടം, സിസ്റ്റർ അഭയ എഫ്.സി.സി., സ്റ്റാൻലി തോമസ് എന്നിവർ സൈൻ ഭാഷയിൽ വിനിമയം ചെയ്തു. ബധിര മൂക വിഭാഗം സഭ മറന്നു കിടന്ന ഒരു മേഖലയാണെന്നും അവർക്ക് ആധ്യാത്മിക ശുശ്രൂഷ നൽകുക എന്നത് സഭയുടെ കടമയാണെന്നും കർദിനാൾ ആലഞ്ചേരി പറഞ്ഞു. അവർക്കായി പ്രത്യേകം ശുശ്രൂഷ വേണമെന്ന് മനസിലാക്കി. അത് കൊടുക്കുകയാണ്. കുമ്പസാരവും ഇതുപോലെ തന്നെ കൊടുക്കുന്നുണ്ട്. സഭ ഇത് മറ്റു രാജ്യങ്ങളിൽ ചെയ്തുകൊണ്ടിരുന്നതാണ്. ഇവിടെ ഇതിനു പരിശീലനം ലഭിച്ചവരെ ഇപ്പോഴാണ് ലഭിച്ചത്. എല്ലാ രൂപതകളിലും ഇത്തരം ശുശ്രൂഷകൾ വേണമെന്നാണ് സീറോ മലബാർ സിനഡിന്റെ തീരുമാനം.

**എല്ലാ രൂപതകളിലും ബധിരർക്കായി ഉടനെ വിശുദ്ധ കുർബാനയും കൂട്ടായ്മയും മെത്രാന്മാരുടെ നേതൃത്വത്തിൽ നടത്തും. അന്ധർ, കിടപ്പുരോഗികൾ, ഭിന്നശേഷിക്കാർ എന്നിവരെയെല്ലാം സ്നേഹിക്കുകയും പരിഗണിക്കുകയും ചെയ്യുന്ന പരിപാടികളും സംഘടിപ്പിക്കും.**

സൈൻഭാഷയിൽ വിശുദ്ധബലി പരിചയപ്പെടുത്താൻ അനുവാദം നൽകിക്കഴിഞ്ഞു.

എല്ലാ രൂപതകളിലും ബധിരർക്കായി ഉടനെ വിശുദ്ധ കുർബാനയും കൂട്ടായ്മയും മെത്രാന്മാരുടെ നേതൃത്വത്തിൽ നടത്തും. അന്ധർ, കിടപ്പുരോഗികൾ, ഭിന്നശേഷിക്കാർ എന്നിവരെയെല്ലാം സ്നേഹിക്കുകയും പരിഗണിക്കുകയും ചെയ്യുന്ന പരിപാടികൾ നടത്തുമെന്നും മേജർ ആർച്ച്ബിഷപ് പറഞ്ഞു. വിശുദ്ധ കുർബാനയ്ക്കുശേഷം കർദിനാളിനോടൊപ്പം ബധിര സഹോദരങ്ങൾ ഗ്രൂപ്പ് ഫോട്ടോ എടുത്തു. തുടർന്ന് നടന്ന പൊതുസമ്മേളനം നിയുക്ത മെത്രാൻ മോ.സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ ഉദ്ഘാടനം ചെയ്തു. എകെസിസി സംസ്ഥാന പ്രസിഡന്റ് വി.വി.അഗസ്റ്റിൻ അധ്യക്ഷനായിരുന്നു. സീറോ മലബാർ സഭ പ്രോ ലൈഫ് അപ്പോസ്തലേറ്റ് സെക്രട്ടറി സാബു ജോസ് മുഖ്യപ്രഭാഷണം നടത്തി. ഫാ.ബിജു മൂലക്കര, ഫാ.ജോർജ് കളരിമുറിയിൽ, ബ്രദർ ബിജു തേർമഠം, സിസ്റ്റർ ഫിൻസിറ്റ എഫ്സിസി, സിസ്റ്റർ അനറ്റ്, സിസ്റ്റർ ഉഷ, സിസ്റ്റർ പ്രീജ, സിസ്റ്റർ ദീപ കൊച്ചേരിൽ, സിസ്റ്റർ ബെറ്റി ജോസ്, സിസ്റ്റർ അഭയ എഫ്സിസി എന്നിവർ പുരസ്കാരങ്ങൾ ഏറ്റുവാങ്ങി. പഠനത്തിൽ മികവുപുലർത്തിയ ബധിരവിദ്യാർത്ഥികളെ സമ്മേളനത്തിൽ ആദരിച്ചു. ഫാ.ജിമ്മി പൂച്ചക്കാട്ട്, സിസ്റ്റർ മേരി ജോർജ്, സെന്റ് തോമസ് കാത്തലിക് ഡെഫ് കമ്മ്യൂണിറ്റി കോർഡിനേറ്റർ സ്റ്റാൻലി തേർമഠം, സെക്രട്ടറി ലിനി ജോസ് എന്നിവർ പ്രസംഗിച്ചു.

# ഫാ. ടോം പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി



ന്യൂഡൽഹി: റോമിൽ നിന്ന് ഇന്ത്യയിലെത്തിയ ഫാ.ടോം ഉഴുന്നാലിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി കൂടിക്കാഴ്ച നടത്തി. കേന്ദ്ര ടൂറിസം സഹമന്ത്രി അൽഫോൻസ് കണ്ണന്താനം, എംപിമാരായ കെ.സി.വേണുഗോപാൽ, ജോസ് കെ.മാണി, ആന്റോ ആന്റണി എന്നിവർക്കൊപ്പമാണ് ഫാ.ടോം ഉഴുന്നാലിൽ പ്രധാനമന്ത്രിയെ സന്ദർശിച്ചത്. ആർച്ച്ബിഷപ് മാർ കുര്യാക്കോസ് ഭരണിക്കുളങ്ങര, സലേഷ്യൻ സഭയുടെ ബംഗളൂരു, ഡൽഹി പ്രൊവിൻഷ്യൽമാരും ഫാ. ടോമിനൊപ്പമുണ്ടായിരുന്നു. തന്റെ മോചനം സാധ്യമാക്കാൻ മുൻകൈയ്യെടുത്ത ഇന്ത്യൻ സർക്കാരിനോടുള്ള നന്ദിയും കടപ്പാടും ഫാ.ടോം പ്രധാനമന്ത്രിയെ അറിയിച്ചു. തുടർന്ന് വിദേശകാര്യമന്ത്രി സുഷമ സ്വരാജുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തി.

# അമേരിക്കയിലെ ക്രൈസ്തവ ദൈവാലയത്തിനു നേരെ വെടിവെയ്പ്: ഒരാൾ കൊല്ലപ്പെട്ടു




ടെന്നിസി: അമേരിക്കയിലെ ക്രൈസ്തവ ദൈവാലയത്തിനു നേരെയുണ്ടായ വെടിവെയ്പ്പിൽ ഒരാൾ കൊല്ലപ്പെട്ടു. ടെന്നിസിയിലെ അന്റിയോക്കിലുള്ള ബെർനെറ്റ് ചർച്ച് ഓഫ് ക്രൈസ്റ്റ് ദൈവാലയത്തിനു നേർക്ക് ആക്രമണമുണ്ടായത്. സുഡാൻ സ്വദേശിയായ യുവാവ് വിശ്വാസികൾക്കു നേരെ നിറയൊഴിക്കുകയായിരുന്നു. സംഭവത്തിൽ ഏഴുപേർക്ക് പരിക്കേറ്റു. പരിക്കേറ്റവരിൽ ആറോളം പേരുടെ നില ഗുരുതരമാണെന്നാണ് വിവരം. സംഭവസമയത്ത് 60 ലേറെപ്പേർ പള്ളിക്കുള്ളിലുണ്ടായിരുന്നുവെന്നാണ് പോലീസ് പറയുന്നത്. നിലവിൽ പുറത്തുവരുന്ന വിവരങ്ങൾ പ്രകാരം കൊല്ലപ്പെട്ടത് ഒരു സ്ത്രീയാണെന്നാണ് കരുതുന്നത്. പരിക്കേറ്റവരിൽ ഏറെയും 60 വയസിനു മുകളിലുള്ളവരാണെന്നും സൂചനകളുണ്ട്. ആക്രമണത്തിനു ദൃക്സാക്ഷികളായവരെ പോലീസ് ചോദ്യം ചെയ്തു.

## കരമടയ്ക്കൽ നിഷേധിച്ച് കർഷകരെ കുടിയിറക്കാനുള്ള വനംവകുപ്പ് നീക്കം അനുവദിക്കില്ല: ഇൻഫാം

കൊച്ചി: പതിറ്റാണ്ടുകൾക്ക്മുമ്പ് പണം മുടക്കി, ആധാരമെഴുതി, പോക്കുവരവ് നടത്തി, കരമടച്ച്, കൈവശംവച്ചനുഭവിച്ച് കൃഷിചെയ്ത് സംരക്ഷിക്കുന്ന ഭൂമിയുടെ നികുതി അടയ്ക്കുന്നത് ഇപ്പോൾ നിഷേധിക്കുന്നതും പോക്ക്വരവ് നടത്തുവാൻ വിസമ്മതിക്കുന്നതും കൃഷിഭൂമി വനഭൂമിയായി മാറ്റാൻ ശ്രമിക്കുന്നതുമായ റവന്യൂ-വനം അധികൃതരുടെ ധാർഷ്ട്യത്തിനെതിരെ വിവിധ കർഷകസംഘടനകളുമായി ചേർന്ന് നിയമനടപടികളും കർഷകപ്രക്ഷോഭവുമാരംഭിക്കുമെന്ന് ഇൻഫാം ദേശീയ സെക്രട്ടറി ജനറൽ ഷെവലിയാർ അഡ്വ.വി.സി.സെബാസ്റ്റ്യൻ പറഞ്ഞു.

കാർഷികോല്പന്നങ്ങളുടെ വിലത്തകർച്ചമൂലം സാമ്പത്തിക പ്രതിസന്ധിയിൽ കർഷകർ രാജ്യത്തുടനീളം ആത്മഹത്യ ചെയ്യുമ്പോൾ ഭൂനികുതി സ്വീകരിക്കാതെ സംസ്ഥാന സർക്കാർ കർഷകരെ വെട്ടിലാക്കിയിരിക്കുന്നത് ക്രൂരതയാണ്. കർഷകർക്ക് കൃഷിഭൂമിപോലും നഷ്ടപ്പെടുന്ന ഭീതിയാണ് റവന്യൂ-വനം വകുപ്പ് ഉദ്യോഗസ്ഥർ നിരന്തരം സൃഷ്ടിക്കുന്നത്. കരമടയ്ക്കാൻ സാധിക്കാത്തതുകൊണ്ട് ഭൂമി ബാങ്കുകളിൽ പണയംവയ്ക്കാനോ, വിൽക്കുവാനോ തുടർകൃഷിക്കായി പണം സമാഹരിക്കുവാനോ സാധിക്കുന്നില്ല.

വനം വിസ്തൃതി ഉയർത്തിക്കാട്ടാൻ കൃഷിചെയ്യുന്ന കർഷകരുടെ ഭൂമി വനഭൂമിയാക്കി മാറ്റാനുള്ള വനംവകുപ്പ് ശ്രമങ്ങളെയും സർവ്വെ നടപടികളെയും കർഷകർ എതിർക്കും. ഭൂമാഫിയകളെ സംരക്ഷിക്കുവാൻ ചെറുകിട കർഷകരെ പീഡിപ്പിക്കുന്ന വനം-റവന്യൂ വകുപ്പുകളുടെ ധിക്കാരനടപടികൾക്കെതിരെ കർഷകർ സംഘടിച്ചുപ്രവർത്തിക്കണം. കേരളത്തിൽ 9107 ചതുരശ്ര സ്ക്വയർ കിലോമീറ്റർ സംരക്ഷിത വനഭൂമിയുണ്ടെന്ന് സംസ്ഥാന സർക്കാർ രേഖകളിലുണ്ട്. വനം സംരക്ഷിക്കുവാൻ ഉത്തരവാദിത്വപ്പെട്ട വനപാലകരും റവന്യൂ ഇതര ഉദ്യോഗസ്ഥരും രാഷ്ട്രീയ നേതൃത്വങ്ങളും ഭൂമാഫിയാസംഘങ്ങളും ചേർന്നു നടത്തുന്ന വനം വില്പനയുടെയും വനംകൈയ്യേറ്റത്തിന്റെയും മറവിൽ കർഷകരെ ബലിയാടാക്കാൻ അനുവദിക്കില്ല. 1947 ഓഗസ്റ്റ് 15നു ശേഷവും യാതൊരു രേഖകളുമില്ലാതെ കേരളത്തിലെ വൻകിട തോട്ടങ്ങൾ കൈവശംവച്ചിരിക്കുന്ന വിദേശകമ്പനികളുടെ ഭൂമി സർക്കാർ ഏറ്റെടുക്കണമെന്ന രാജമാണിക്യം റിപ്പോർട്ട് നടപ്പിലാക്കുവാൻ സാധിക്കാത്തവർ ചെറുകിട കർഷകന്റെ മേൽ കുതിരകയറുവാൻ ശ്രമിക്കരുതെന്ന് വി.സി.സെബാസ്റ്റ്യൻ സൂചിപ്പിച്ചു.




# കഷ്ടപ്പാടിന്റെ വിലയറിയാതെ ജീവിതം തകർക്കുന്ന മക്കൾ

സാറ കാനഡയിൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥിനിയാണ്. ഒരു സർക്കാരുദ്യോഗസ്ഥനായ പിതാവ് തന്റെ കഴിവിനപ്പുറം ലോൺ സംഘടിപ്പിച്ചാണ് ഇത് സാധിച്ചത്. സാറയുടെ സഹോദരി ഒരു മെഡിക്കൽ അഡ്മിഷന് പ്രൈവറ്റ് കോളജിൽ ചേരാൻ ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ പണമില്ലെന്നുപറഞ്ഞ് അത് നിഷേധിച്ചിരുന്നു. പിന്നീട് അവൾ എംഎസ്സി പാസായി ജോലിക്കായി ടെസ്റ്റുകൾ എഴുതിക്കൊണ്ടിരിക്കുന്നു. തനിക്ക് പഠിക്കാൻ കാശില്ല എന്നു പറഞ്ഞ പിതാവിന് ഇപ്പോൾ എവിടെനിന്നാണ് പണമുണ്ടായതെന്നാണ് അവൾ ചോദിക്കുക. അക്കാര്യം പറഞ്ഞ് അവൾ നിരന്തരമായി മാതാപിതാക്കളെ ശല്യപ്പെടുത്തിക്കൊണ്ടിരിക്കുന്നു. എവിടുന്നെങ്കിലും നാല്പതുലക്ഷം രൂപയുണ്ടാക്കി തനിക്ക് കോളജ് അദ്ധ്യാപികയായി ജോലി വാങ്ങിത്തന്നുകൊള്ളണമെന്ന് അവൾ അന്ത്യശാസനം നൽകിയിരിക്കുകയാണ്. അതിനുള്ള വരുമാനമില്ലാത്ത ആ പിതാവ് നിസ്സഹായനായി കഴിയുന്നു. ഇതിനിടെ കാനഡയിൽ പോയ സാറായും അവളുടെ അസ്വസ്ഥതകൾ വീട്ടിൽ അറിയിച്ചുകൊണ്ടിരിക്കുന്നു. വീട്ടിൽനിന്ന് അയച്ചുകൊടുക്കുന്ന പണം തികയുന്നില്ല. പാർട്ട് ടൈം ജോലികൾ കാഠിന്യം നിറഞ്ഞവയാണ്, പഠനവിഷയങ്ങൾ വിഷമം പിടിച്ചതാണ് എന്ന് തുടങ്ങി പരാതിയുടെ പട്ടികകൾ നിരത്തിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന കോഴ്സ് പഠിച്ചാൽ ജോലിസാധ്യത കുറവാണെന്നും മറ്റെന്തെങ്കിലുംകൂടി പിന്നീട് പഠിക്കേണ്ടിവരുമെന്നും അവൾ പറയുന്നു. ഇതേ കോഴ്സ് പഠിച്ച പലരും ഒരു വർഷമായി പണികിട്ടാതെ അലയുന്നെന്നും അവരിൽ പലരും തൊഴിലില്ലാതെ മടങ്ങേണ്ടിവരുമോ എന്ന ഭീഷണിയിലാണെന്നും അവൾ പറയുന്നു.

ഇടയ്ക്കൊരു അവധിക്കാലത്ത് നാട്ടിലെത്തിയപ്പോഴാണ് അവൾ കൗൺസിലിംഗിനെത്തിയത്. കാനഡയിൽ അവൾ കാര്യമായി പഠിക്കുന്നില്ല എന്ന് മനസിലായി. മുഴുവൻ സമയവും മൊബൈലിലാണ്. കാരണമെന്തെന്ന് തിരക്കിയപ്പോൾ അപ്പനും അമ്മയ്ക്കും ചേച്ചിക്കും തന്നോട് ഇഷ്ടമില്ലാത്തതാണ് കാരണം എന്നവൾ പറഞ്ഞു. അവധിക്ക് അവൾ നാട്ടിൽ വന്നപ്പോൾ അമ്മയുടെ സഹോദരിയുടെ മകൾ ചൈനയിൽ എംബിബിഎസ് പഠിക്കുന്നയാളും സാറയുടെ വീട്ടിലുണ്ടായിരുന്നു. ചേച്ചിയും തന്റെ മാതാപിതാക്കളും അവളെ ഒരു ആരാധനാ കഥാപാത്രത്തെപ്പോലെ ആദരിച്ചുകൊണ്ടുനടക്കുകയും തന്നെ പൂർണ്ണമായി അവഗണിക്കുകയും ചെയ്തുവെന്ന് സാറ ഉറപ്പിച്ചു പറയുന്നു. ഈ അവഗണനയെക്കുറിച്ചുള്ള ചിന്ത താൻ കാനഡായിലായിരിക്കുമ്പോഴും തനിക്കുണ്ടെന്നും തന്നെ ആരും സ്നേഹിക്കാനില്ലാത്തപ്പോൾ എന്തിനാണ് പഠിക്കുന്നതെന്ന ചിന്ത നിരന്തരം കടന്നുവരുന്നത്മൂലം തനിക്ക് പഠിക്കാനാകുന്നില്ലെന്നും അവൾ പറയുന്നു. ഇല്ലാത്ത പണം സംഭരിച്ച് കാനഡയ്ക്കുള്ള മടക്കയാത്രയ്ക്ക് സംവിധാനമൊരുക്കുന്ന പിതാവിന് ഇതൊരു പ്രഹരമായി അനുഭവപ്പെടുകയാണ്. ഈ സമയത്ത്തന്നെ മൂത്തമകൾ തൊടുന്നതിനെല്ലാം ദേഷ്യപ്പെടുകയും ടെസ്റ്റുകൾ എഴുതുന്നില്ലെന്ന് പറഞ്ഞ് വാശിപിടിച്ചിരിക്കുകയും ചെയ്യുന്നു.

ഇന്നത്തെ കാലഘട്ടത്തിൽ കാണുന്ന ഒരു വലിയ പ്രതിഭാസത്തിന്റെ രക്തസാക്ഷിയാണ് മേൽപറഞ്ഞ പിതാവ്. പഴയകാലങ്ങളിൽ കുട്ടികളോട് മര്യാദയ്ക്ക് കുത്തിയിരുന്ന് പഠിച്ച് നല്ല മാർക്കുവാങ്ങി ഉന്നതപഠനം നടത്തിയില്ലെങ്കിൽ തൂമ്പയെടുത്ത് പറമ്പിൽ പോയി പണിയെടുത്തുകൊള്ളണമെന്നായിരുന്നു പിതാക്കന്മാർ പറഞ്ഞിരുന്നത്. പെൺകുട്ടികളോട് പഠിച്ചില്ലെങ്കിൽ പത്തുകഴിഞ്ഞു കിട്ടുന്നവനെക്കൊണ്ട് കെട്ടിച്ചുവിടുമെന്നും ഭീഷണി മുഴക്കിയിരുന്നു. അതുകൊണ്ട് കുട്ടികൾ ഏതാണ്ട് കാര്യഗൗരവത്തോടെതന്നെ പഠ

→

നത്തെ കാണുകയും ചെയ്തിരുന്നു. അന്നൊക്കെ സ്വാശ്രയസിദ്ധാന്തം താരതമ്യേന കുറവായിരുന്നു. വളരെ സമ്പന്നർക്ക് മാത്രം അറിവുള്ള കാര്യമായിരുന്നു സ്വകാര്യ മെഡിക്കൽ എഞ്ചിനിയറിംഗ് വിദ്യാഭ്യാസ സാദ്ധ്യത. വളരെ ചെറിയൊരു ശതമാനം മാത്രമായിരുന്നു അത്തരം സ്ഥാപനങ്ങളെ അവലംബിച്ചിരുന്നത്. അവർ വൻ നേട്ടങ്ങൾ കൈവരിക്കുകയും ചെയ്യും. കഠിനാധ്വാനമുണ്ടെങ്കിൽ ഇവിടെയും വൻ സാധ്യതകൾ ഉണ്ടെന്ന ബോധ്യം കുട്ടികൾക്ക് ഉണ്ടാക്കിക്കൊടുക്കണം. അവർ തീർച്ചയായും നേടും. അതിന് കഴിവുള്ളവരാണ് കേരളീയർ. പക്ഷെ നാം വഴിതെറ്റിപ്പോയിരിക്കുന്നോയെന്ന് സംശയം തോന്നുന്നു. താങ്ങാനാവാത്ത കടക്കെണികളിൽ മാതാപിതാക്കൾ പെടുമ്പോഴും കുട്ടികൾക്ക് സ്നേഹിക്കപ്പെടുന്നു എന്ന തോന്നൽ ഉണ്ടാകണമെന്നില്ല. സ്നേഹം കടക്കെണികൊണ്ടല്ല പ്രാവർത്തികമാക്കേണ്ടത്. പ്രത്യുത ശിക്ഷണവും മൂല്യബോധവും അദ്ധ്വാനത്തിന്റെ നന്മയും പഠിപ്പിച്ചുകൊണ്ടാകണം പ്രകടിപ്പിക്കുക. സ്വാശ്രയത്തിൽ പോകുന്നവരെല്ലാം മോശക്കാരാണെന്നാണ് ഞാൻ പറയുന്നതെന്ന് തെറ്റിദ്ധരിക്കരുത്. തീർച്ചയായും നമ്മുടെ മക്കളുടെ ഭാവി സുരക്ഷിതമാക്കുക നമ്മുടെ ധർമ്മമാണ്. കഷ്ടപ്പെട്ട് പഠിച്ചാലും ചിലപ്പോൾ അഡ്മിഷൻ തലനാരിഴയ്ക്ക്പോലും നഷ്ടമാകുന്ന ധാരാളം മിടുക്കന്മാരും മിടുക്കികളുമുണ്ട്. അവരാരും മണ്ടന്മാരല്ല. അങ്ങനെയുള്ള കുട്ടികൾക്ക് തീർച്ചയായും സഹായംചെയ്ത് അഡ്മിഷൻ വാങ്ങുന്നത് ഉചിതമാണ്. എന്നാൽ പണത്തിന്റെ സ്വാധീനബോധ്യം ചെറുപ്പത്തിലേ ഉണ്ടാക്കിക്കൊടുത്ത് അവരുടെ സ്വതസിദ്ധമായ കർമ്മശേഷിയെ കെടുത്തിക്കളയരുതെന്നും അനാവശ്യവും ഗുരുതരവുമായ സാമ്പത്തിക ബാധ്യതകൾ മാതാപിതാക്കൾ വരുത്തിവയ്ക്കരുതെന്നും പറയാനാണ് ഞാൻ ആഗ്രഹിക്കുന്നത്. സ്വാശ്രയരംഗത്തെയും ഞാൻ ബഹുമാനിക്കുന്നു. മുൻപ് വളരെ അപ്രാപ്യമായിരുന്ന പല കോഴ്സുകളും നമ്മുടെ കൺമുമ്പിൽ കൊണ്ടുവരുകയും നന്നായി പഠിപ്പിച്ച് പ്രഗത്ഭരെ സൃഷ്ടിക്കുകയും ചെയ്യുന്ന അത്തരം സ്ഥാപനങ്ങളും സമൂഹത്തിന്റെ മുഖ്യധാരയുടെ ഭാഗമാണ്. ശരാശരി കഴിവുള്ള കുട്ടികൾ പോലും കഠിനാദ്ധ്വാനം ചെയ്ത് വലിയ നേട്ടങ്ങൾ അന്ന് കൈവരിച്ചിരുന്നു. അഡ്മിഷനുകൾ മാർക്കടിസ്ഥാനത്തിലായിരുന്നപ്പോൾ സാമാന്യം സുതാര്യതയും ഉണ്ടായിരുന്നു. മാർക്കെന്ന കടമ്പ മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നതിനാൽ സാധാരണ മാതാപിതാക്കൾക്ക് നടപടികൾ എളുപ്പം ഗ്രഹിക്കുകയും ചെയ്യാമായിരുന്നു.

ഇന്ന് പഠിക്കാൻ നല്ല കഴിവുള്ള കുട്ടികളുടെ വലിയ വരുമാനമില്ലാത്ത മാതാപിതാക്കൾ പോലും എട്ടാം ക്ലാസ് മുതലേ അവർക്ക് സ്വകാര്യഅഡ്മിഷനുകളുടെ സ്വപ്നങ്ങൾ നെയ്തുകൊടുത്ത് അവരിൽ ആ മോഹം ഉറപ്പിക്കുകയാണ്. ലക്ഷങ്ങൾ മുടക്കി വിദേശത്ത് വിദ്യാഭ്യാസം നടത്താം, സ്വകാര്യ സ്ഥാപനങ്ങളിൽ വൻതുക കൊടുത്ത് പ്രൊഫഷണൽ അഡ്മിഷനുകൾ വാങ്ങാം എന്നു തുടങ്ങിയ വാഗ്ദാനങ്ങളും അതിനൊപ്പമുള്ള പ്രതീക്ഷകളും ചെറുപ്പത്തിലേ ദൃഢമാകുന്നു. ചുരുക്കിപ്പറഞ്ഞാൽ അഡ്മിഷനുകളുടെ ഉത്തരവാദിത്വം കുട്ടികളിൽ നിന്നുമാറി പൂർണ്ണമായും മാതാപിതാക്കളുടെ ചുമലിലായിരിക്കുന്നോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പന്ത്രണ്ടാംക്ലാസ് പാസായ കുട്ടി സുഖമായി മൊബൈലും കുത്തി ഇടയ്ക്കിടെ ചിരിച്ചുകൊണ്ടിരിക്കുകയും പിന്നീട് സുഖമായുറങ്ങുകയും ചെയ്യുമ്പോൾ മാതാപിതാക്കൾ പണവുമായി നെട്ടോട്ടമോടുകയാണോ എന്ന് പലപ്പോഴും തോന്നാറുണ്ട്. പഴയ കാലഘട്ടങ്ങളിലേതുപോലെ ഉത്തരവാദിത്വം പൂർണ്ണമായും കുട്ടികളുടേതാണെന്ന കാഴ്ചപ്പാട് കുട്ടികൾക്ക് ചെറുപ്പത്തിലേ ഉണ്ടാക്കിക്കൊടുക്കുന്നത് നല്ലതാണ്. ഒരു ചില്ലിക്കാശുപോലും ഡൊണേഷനോ അമിത ഫീസിനോ തരികയില്ലെന്ന് കർശനമായി കുട്ടികളോട് പറയുകയും അത് അവർക്ക് ബോധ്യപ്പെടുകയും ചെയ്താൽ അവർ പരമാവധി കഷ്ടപ്പെട്ട് പഠിക്കുകയും നല്ല നിലയിലെത്തുകയും ചെയ്യുമെന്നതിൽ തർക്കമില്ല.

# മെക്സിക്കൻ ജനതയ്ക്ക് ഒരുലക്ഷം ഡോളറിന്റെ സഹായവുമായി മാർപാപ്പ

മെക്സിക്കോ സിറ്റി: മെക്സിക്കോയിലുണ്ടായ ശക്തമായ ഭൂകമ്പത്തെത്തുടർന്ന് ദുരിതമനുഭവിക്കുന്ന ജനങ്ങൾക്ക് ആശ്വാസമായി വത്തിക്കാൻ. സമഗ്രമാനവവികസനത്തിന് വേണ്ടിയുള്ള വത്തിക്കാൻ സമിതിവഴി ആദ്യ ഘടു എന്ന നിലയിൽ ഒന്നരലക്ഷം ഡോളറിന്റെ സഹായമാണ് മാർപാപ്പ നൽകിയത്. മെക്സിക്കോയിലെ അപ്പസ്തോലിക സ്ഥാനപതിയുടെ കാര്യാലയംവഴി ഏറ്റവുമധികം ദുരിതമനുഭവിക്കുന്ന രൂപതകൾക്ക് ഈ തുക വിതരണം ചെയ്യും. മെക്സിക്കോയിലെ ദുരിതമനുഭവിക്കുന്ന ജനങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ മാർപാപ്പ വിശ്വാസികളോട് ആഹ്വാനം ചെയ്തിരുന്നു. സെപ്തംബർ 19-നാണ് മെക്സിക്കോ സിറ്റിക്ക് സമീപത്തും മോറെലോസിലും ശക്തമായ ഭൂചലനം ഉണ്ടായത്. റിക്ടർ സ്കെയിലിൽ 7.1 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പം അടുത്തിടെ മെക്സിക്കോയിൽ ദുരന്തം വിതച്ച രണ്ടാമത്തെ ഭൂചലനമാണ്. പ്രൈമറി സ്കൂളിലെ 22 കുട്ടികൾ ഉൾപ്പെടെ 248 പേരാണ് ദുരന്തത്തിൽ മരിച്ചത്. മറ്റൊരു സ്കൂൾ തകർന്ന് 30 കുട്ടികളെ കാണാതായിട്ടുണ്ട്. രാജ്യത്തിന്റെ മധ്യ സംസ്ഥാനങ്ങളെ തകർത്ത ഭൂകമ്പത്തിൽ രണ്ടുകോടിയിലേറെ ആളുകൾ വസിക്കുന്ന മെക്സിക്കോ സിറ്റിക്കു പുറമെ പ്യൂബ്ല, മൊറെലോസ്, ഗ്വരേരോ നഗരങ്ങളിലാണു നാശനഷ്ടമേറെയും.



# രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ

78

# സഭ ആധുനിക ലോകത്തിൽ

**അധ്യായം 1**

## മനുഷ്യന്റെ വ്യക്തിമാഹാത്മ്യം

**ദൈവഛായയിലുള്ള മനുഷ്യൻ**-വിശ്വാസികളുടെയും അവിശ്വാസികളുടെയും മിക്കവാറും ഏകയോഗമായ അഭിപ്രായമനുസരിച്ച് ഭൂമിയിലുള്ളതെല്ലാം മനുഷ്യോന്മുഖമായിരിക്കണം. കാരണം മനുഷ്യനാണ് ഭൂമിയിലുള്ളതിന്റെയെല്ലാം കേന്ദ്രവും മകുടവും.

എന്നാൽ മനുഷ്യൻ എന്താണ്? തന്നെക്കുറിച്ച് മനുഷ്യൻ അത്യന്തം വ്യത്യസ്തങ്ങളും വൈരുദ്ധ്യാത്മകൾ പോലുമായ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ട്; പ്രകടിപ്പിച്ചുകൊണ്ടുമിരിക്കുന്നു. ഇവയിൽ അവൻ പലപ്പോഴും എല്ലാറ്റിന്റെയും കേവല മാനദണ്ഡമായി സ്വയം ഉയർത്തി കാണിക്കുകയോ നിരാശയിലെത്തുവോളം സ്വയം തരംതാഴ്ത്തുകയോ ചെയ്യുന്നു. ഇതിന്റെയൊക്കെ ഫലമോ? സന്ദേഹവും ഉൽക്കണ്ഠയും. സഭ തീർച്ചയായും ഈ പ്രശ്നങ്ങളെ മനസിലാക്കുന്നുണ്ട്. മനുഷ്യന്റെ യഥാർത്ഥസ്ഥിതി വരച്ചുകാണിക്കാനും അവന്റെ ന്യൂനതകൾ വിശദമാക്കാനുമായി ദൈവലബ്ദമായ പ്രകാശംകൊണ്ട് അവൾക്ക് മേൽപറഞ്ഞ പ്രശ്നങ്ങൾക്കുവേണ്ട പരിഹാരങ്ങൾ നിർദ്ദേശിക്കുവാൻ സാധിക്കും. അതേസമയം അവന്റെ അന്തസ്സും ലക്ഷ്യവും ന്യായമായി അംഗീകരിക്കുവാനും അവൾ തയ്യാറാണ്.

കാരണം മനുഷ്യൻ ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്നും തന്റെ സ്രഷ്ടാവിനെ അറിയാനും സ്നേഹിക്കാനും അവന് കഴിവുണ്ടെന്നും സർവ്വ ഭൗമികവസ്തുക്കളെയും കീഴ്പ്പെടുത്തി ദൈവമഹത്വത്തിനായി ഉപയോഗിക്കാൻ അവൻ സകല ചരാചരങ്ങളുടെയും നാഥനായി നിയമിക്കപ്പെട്ടിരിക്കുന്നുവെന്നും വി.ഗ്രന്ഥം പഠിപ്പിക്കുന്നുണ്ട്. *മനുഷ്യനെക്കുറിച്ച് ഇത്രമാത്രം ശ്രദ്ധാലുവാകാനും അവനെ സന്ദർശിക്കാനും അവനാരാണ്; ദൈവദൂതന്മാരേക്കാൾ അല്പംമാത്രം താഴ്ത്തി അവനെ മെനഞ്ഞെടുത്ത് മഹത്വവും ബഹുമാനവുംകൊണ്ട് അവനെ മകുടമണിയിച്ചിരിക്കുന്നു. അങ്ങേ കൈവേലയുടെ മേലാളായി അവനെ നിയമിച്ചാക്കി. പോരാ, എല്ലാം അവന്റെ പാദങ്ങൾക്കു കീഴാക്കുകയും ചെയ്തിരിക്കുന്നു* (സങ്കീ.8:5-7).

എന്നാൽ ഏകാകിയായിട്ടല്ല ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. ആദിയിലേ *പുരുഷനും സ്ത്രീയുമായി അവിടുന്നവരെ സൃഷ്ടിച്ചു* (ഉല്പ.1:27). അവരുടെ സൗഹാർദ്ദസഖ്യം വ്യക്തികൾ തമ്മിലുള്ള കൂട്ടായ്മയ്ക്ക് പ്രാഗ്രൂപം നൽകി. മനുഷ്യൻ അവന്റെ ഏറ്റം ആന്തരമായ പ്രകൃതിയിൽ ഒരു സാമൂഹ്യജീവിയാണ്. മറ്റുള്ളവരുമായി സമ്പർക്കത്തിലേർപ്പെടാതെ ജീവിക്കാനോ കഴിവുകൾ വർദ്ധിപ്പിക്കാനോ മനുഷ്യൻ പ്രാപ്തനല്ല.



അതുകൊണ്ട് വിശുദ്ധ ഗ്രന്ഥത്തിൽ നാം വായിക്കുന്നതുപോലെ ദൈവം കണ്ടു *അവിടുന്ന് സൃഷ്ടിച്ചതെല്ലാം വളരെ നല്ലത്* (ഉല്പ.1:31) എന്ന്.

**പാപം**-പരിശുദ്ധമായൊരവസ്ഥയിലാണ് ദൈവം മനുഷ്യന് അസ്തിത്വം നൽകിയതെങ്കിലും ചരിത്രാരംഭത്തിൽതന്നെ പൈശാചിക മൂർത്തിയുടെ പ്രേരണയിൽപ്പെട്ട് സ്വന്തം സ്വാതന്ത്ര്യത്തെ മനുഷ്യൻ ദുരുപയോഗിച്ചു. അവൻ ദൈവത്തിനെതിരായി കുതികാലുയർത്തി. ദൈവത്തെക്കൂടാതെ സമ്പൂർത്തികണ്ടെത്താൻ അവൻ പരക്കം പാഞ്ഞു. ദൈവത്തെ അറിഞ്ഞെങ്കിലും ദൈവമായി അവൻ അവിടുത്തെ മഹത്വപ്പെടുത്തിയില്ല. അന്ധകാരാവൃതമായ അവന്റെ മനസ്സ് സൃഷ്ടാവിനുപകരം സൃഷ്ടിയെ സേവിച്ചു. ദിവ്യാവിഷ്കരണം നമുക്ക് അറിയിച്ചുതന്ന ഈ പരമാർത്ഥം നമ്മുടെ അനുഭവത്തോടു യോജിച്ചുപോകുന്നുണ്ട്. അതുകൊണ്ട് തിന്മയിലേക്കു പ്രവണതയുണ്ടെന്നും നല്ലവനായ സ്രഷ്ടാവിൽനിന്നും പുറപ്പെടാൻ സാധ്യമല്ലാത്ത അനേകം ദുഷ്ടതകൾ തന്നെ മൂടിയിരിക്കുകയാണെന്നും ആത്മപരിശോധനയിൽ മനുഷ്യൻ കാണുന്നുണ്ടുതാനും. തന്റെ മൂലകാരണമായി ദൈവത്തെ അംഗീകരിക്കാൻ പലപ്പോഴും കൂട്ടാക്കാത്ത മനുഷ്യൻ അവന്റെ ആത്യന്തികലക്ഷ്യത്തോടുള്ള അവശ്യബന്ധത്തിൽനിന്നും കുതറിമാറിയിരിക്കുന്നു. അതേസമയം തന്നോടും മറ്റുള്ളവരോടും എല്ലാ സൃഷ്ടവസ്തുക്കളോടുമുള്ള ഐക്യബന്ധത്തിൽനിന്നു മനുഷ്യൻ പുറന്തള്ളപ്പെടുകയും ചെയ്തിരിക്കുന്നു.

അതുകൊണ്ട് മനുഷ്യനിൽത്തന്നെ അന്തഃച്ഛിദ്രം തലയുയർത്തുകയാണ്. എന്താണതിന്റെ പരിണിതഫലം? വ്യക്തിഗതമോ സാമൂഹികമോ ആയ മനുഷ്യജീവിതമാകെ നന്മയും തിന്മയും ഇരുളും വെളിച്ചവും തമ്മിലുള്ള ഒരു നാടകീയ സംഘട്ടനരംഗമായിത്തീരുന്നു; തിന്മയുടെ കയ്യേറ്റങ്ങളോട് വിജയപ്രദമായി സ്വയം സമരം ചെയ്യാൻ താൻ കഴിവറ്റവനാണെന്ന് മനുഷ്യൻ മനസിലാക്കുന്നു. അങ്ങനെ ചങ്ങലകൾക്കൊണ്ടു ബന്ധിതനായാലെന്നവിധമുള്ള അനുഭവങ്ങൾ അവനുണ്ടാകുന്നു. മനുഷ്യനെ പാപബന്ധനത്തിലകപ്പെടുത്തിയ ഈ ലോകത്തിന്റെ ദുഷ്പ്രഭുവിനെ (യോഹ.12:31) നിഷ്കാസനം ചെയ്തും ആന്തരീക നവീകരണം സാധിച്ചും അവനെ സ്വതന്ത്രനും ശക്തനുമാക്കാൻ കർത്താവുതന്നെ ഇറങ്ങിവന്നു. കാരണം പരിപൂർണ്ണതയിലേയ്ക്കുള്ള മനുഷ്യന്റെ മാർഗ്ഗം തടഞ്ഞുകൊണ്ട് പാപം അവനെ തരംതാഴ്ത്തിയിരുന്നു.

(തുടരും)

LAITY VOICE



# മൂന്ന് പ്രാവശ്യം താവളം മാറ്റി:ഐഎസ് തടവറയിലെ ജീവിതത്തെക്കുറിച്ച് ഫാ. ടോം ഉഴുന്നാലിൽ

വത്തിക്കാൻസിറ്റി: വിവിധ രാജ്യങ്ങളുടെയും സംഘടനകളുടെയും വ്യക്തികളുടെയുമെല്ലാം ഇടപെടലുകൾക്കും പ്രാർത്ഥനകൾക്കും കാത്തിരിപ്പിനുമൊടുവിൽ ഐഎസ് തടവറയിൽ നിന്ന് രക്ഷപെട്ട ഫാ.ടോം ഉഴുന്നാലിൽ സാധാരണ ജീവിതത്തിലേയ്ക്ക് തിരിച്ചു വന്നുകൊണ്ടിരിക്കുന്നു.  മോചനത്തിനുശേഷം കുറച്ചു ദിവസങ്ങൾ അദ്ദേഹം വത്തിക്കാനിലെ സലേഷ്യൻ സഭയുടെ സംരക്ഷണത്തിലായിരുന്നു. സാധാരണ ജീവിതത്തിലേയ്ക്ക് തിരിച്ചു വരാനും മനസ്സിനും ശരീരത്തിനുമേറ്റ ആഘാതങ്ങളെ മറികടക്കാനും പുണ്യനഗരത്തിലെ വാസം ഫാദർ ഉഴുന്നാലിനെ സഹായിച്ചുവെന്ന് സലേഷ്യൻ നേതൃത്വം കരുതുന്നു.  വത്തിക്കാനിൽ എത്തിയ ഉടൻ തന്നെ കാണാനെത്തിയവരോട് ഫാ.ടോം ഉഴുന്നാൽ പറഞ്ഞത് ദൈവത്തിനും മാതാവിനും നന്ദിപറയുന്നുവെന്നാണ്. വത്തിക്കാനിൽ എത്തിയ ഉടൻതന്നെ ചാപ്പലിൽചെന്ന് പ്രാർത്ഥിക്കാനും കുർബാന അർപ്പിക്കാനുമുള്ള ആഗ്രഹം അദ്ദേഹം പ്രകടിപ്പിച്ചെങ്കിലും ചികിത്സയ്ക്കും പരിശോധനയ്ക്കും വിധേയനാകേണ്ടിയിരുന്നതിനാൽ അത് അനുവദിച്ചില്ല.  എന്നാൽ കുമ്പസാരിക്കണമെന്ന ആവശ്യം അനുവദിച്ചു.ഐഎസ് തടവറയിൽ കഴിഞ്ഞ ദിവസങ്ങളിലത്രയും താൻ മനസുകൊണ്ട് കുർബാനയർപ്പിച്ചിരുന്നതായി അദ്ദേഹം പിന്നീട് വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഒന്നരവർഷത്തോളം നീണ്ട ഐഎസ് ക്യാമ്പിലെ ജീവിതത്തെക്കുറിച്ച് വാർത്താസമ്മേളനത്തിൽ അദ്ദേഹം വിവരിച്ചു. തീവ്രവാദികൾക്കൊപ്പം ജീവിച്ച നാളുകളിൽ ഒരിക്കൽപോലും താൻ മരണത്തെ ഭയപ്പെട്ടിരുന്നില്ലെന്ന് അദ്ദേഹം പറഞ്ഞു. പിന്നീട് മാർപാപ്പയുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തി.

## ഫാ.ടോം ഉഴുന്നാലിന്റെ വാർത്താ സമ്മേളനത്തിൽ നിന്ന്

ഏദനിലെ മിഷനറീസ് ഓഫ് ചാരിറ്റിയുടെ ചാപ്പലിൽ പ്രാർത്ഥനയ്ക്കിടെയാണ് കഴിഞ്ഞവർഷം തീവ്രവാദികൾ തന്നെ തട്ടിക്കൊണ്ടുപോയത്. അറബിയും ഇംഗ്ലീഷും സംസാരിക്കുന്നവരായിരുന്നു അവർ. തടവിൽ കഴിഞ്ഞ ഒന്നരവർഷത്തിൽ ഒരിക്കൽപോലും മോശമായ പെരുമാറ്റം അവരിൽനിന്നുണ്ടായിട്ടില്ല. എന്നാൽ ഐഎസ് ക്യാമ്പിലെ ജീവിതം ഏറെ വെല്ലുവിളി നിറഞ്ഞതായിരുന്നു. തടവിൽ കഴിഞ്ഞ കാലമത്രയും ഒരേ വസ്ത്രമായിരുന്നു ധരിച്ചത്. ശരീരഭാരം ക്രമാതീതമായി കുറയാൻ തുടങ്ങിയപ്പോൾ പ്രമേഹത്തിനുള്ള മരുന്നുകൾ അവർ തന്നു. തട്ടിക്കൊണ്ടുപോയശേഷം മൂന്ന് തവണ തീവ്രവാദികൾ താവളം മാറ്റി. പക്ഷേ ഓരോതവണ താവളം മാറ്റുമ്പോഴും അവരെന്റെ കണ്ണു കെട്ടിയാണ് കൊണ്ടുപോയിരുന്നത്. 2016 മാർച്ച് മൂന്നിനാണ് ഏദനിൽനിന്നും ഇസ്ലാമിക് സ്റ്റേറ്റ് തീവ്രവാദികൾ എന്നെ തട്ടിക്കൊണ്ടുപോയത്.  ആ കൂട്ടക്കൊല നടന്ന ആ രാത്രിക്കുമുമ്പുള്ള ദിവസം ചാരിറ്റി ഹൗസിന്റെ ഡയറക്ടറുമായി യമനിലെ സംഘർഷാവസ്ഥയെക്കുറിച്ച് ഞാൻ സംസാരിക്കുകയുണ്ടായി.

യുദ്ധഭൂമിയിൽ പ്രവർത്തനങ്ങൾ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നത് ജീവൻ പണയംവച്ചുള്ള കളിയാണെന്നും യേശുവിന് വേണ്ടി ഇവിടെ നമുക്കെല്ലാം ഒരുമിച്ച് രക്തസാക്ഷിത്വം വരിക്കാൻ സാധിച്ചാൽ അതാവും നല്ലതെന്നും അദ്ദേഹം പറഞ്ഞു. എന്നാൽ എനിക്ക് യേശുവിനുവേണ്ടി ജീവിക്കണമെന്നായിരുന്നു അവിടെയുണ്ടായിരുന്ന പ്രായം കുറഞ്ഞ ഒരു കന്യാസ്ത്രീ പറഞ്ഞത്.  അത്ഭുതകരമെന്നുപറയട്ടെ പിറ്റേന്ന് നടന്ന തീവ്രവാദി ആക്രമണത്തിൽ ആ യുവകന്യാസ്ത്രി  ഭീകരരുടെ കണ്ണിൽപെടാതെ രക്ഷപെടുകയും ചെയ്തു.

Published by Indian Christian Community National Council.  Edited by Chev.V C Sebastian Valliamthadathil, Santhigri Residency, Palampra Kanjirapally, Kottayam Dist., India. Ph: 04828 234056, Mob: 9447355512, E-mail: chevaliersebastian@gmail.com.  *Private Circulation only
Shaiju Chacko-Mobile: 9562017841